
# ബൈബിൾ സ്റ്റാൻഡാർഡ്

**BIBLE STANDARD (Malayalam)**
**BI-MONTHLY**

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക



"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമെ;
അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 921**

ഉൾപേജുകളിൽ.... പേജ്

നന്ദിപ്രകാശനം-ഒരു പൊതുവായ സ്നേഹബന്ധം ........ 2
യേശുവിന്റെ ആത്മാവ് നിങ്ങൾക്ക് ഉണ്ടോ? ........ 12
മൃദുവായ നരകം ........ 15
ആത്മീയ ജീവിതം ........ 19
എഡിറ്ററിൽ നിന്നുള്ള കത്ത് ........ 22
വിശുദ്ധമായ (?) മതദ്രോഹ വിചാരണ കോടതി ........ 23

VOL - XIII, ISSUE 6 നവംബർ – ഡിസംബർ 2020

# നന്ദി പ്രകാശനം – ഒരു പൊതുവായ സ്നേഹബന്ധം

## THANKS GIVING – A COMMON BOND

"പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ "ജാഗരിപ്പിൻ" (കൊലൊ. 4:2).




അവധിക്കാലത്ത് മനുഷ്യരാശി സമ്മാനങ്ങൾ നൽകുന്നതിലും കുടുംബവുമായും സുഹൃത്തുക്കളുമായും കൂട്ടായ്മകൾ ക്രമീകരിക്കുന്നതിലും ഒക്കെയായി വളരെ തിരക്കിലാകുന്നു. സ്വർഗ്ഗീയ പിതാവു നമുക്കു നൽകിയിരിക്കുന്ന ദാനങ്ങൾക്കു വേണ്ടി നാം സമർപ്പിച്ചിരിക്കുന്ന സമയത്തിൽ ഇതൊരു മയക്കം സൃഷ്ടിച്ചേക്കാം. നന്ദിപ്രകാശനത്തിലെ പ്രാർത്ഥനയുടെ പങ്ക് ദൈവകൃപയുടെ തെളിവാണ് എന്ന് സമർപ്പിതരായ മക്കൾ എന്ന നിലയിൽ നാം മനസ്സിലാക്കുന്നു. ജീവിതത്തിലെ പ്രതിസന്ധികളിലും, ആശാഭംഗങ്ങളിലും, പരീക്ഷകളിലും നമ്മോടുള്ള തന്റെ മനസ്സലിവ് അവിടുത്തെ പാദപീഠത്തിൽ നിന്നും അനുഭവിച്ചറിയുന്നതിനും ജീവിതത്തിലെ സകല വിഷയങ്ങളിലും ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശവും മേലധികാരവും അഭ്യർത്ഥിക്കുന്നതിനും ദൈവശുശ്രൂഷയിലെ ആത്മാർത്ഥത തന്റെ മക്കളെ അടിക്കടി അറിവിലേക്ക് എത്തിക്കും. കൂടാതെ ദൈവവചനത്തിലൂടെ അവിടുത്തെ ജ്ഞാനത്തിനു ശ്രദ്ധ കൊടുക്കുന്നത് തന്നെ സ്വീകാര്യമായി സേവിക്കാൻ അവരെ പ്രാപ്തരാക്കും.

ദൈവത്തോടും നമ്മുടെ അടുത്ത സുഹൃത്തുക്കളോടും നന്ദി പ്രകാശിപ്പിക്കുന്നതിനുള്ള അവകാശം ഭൂമിയിലെമ്പാടുമുള്ള സമൂഹങ്ങൾക്കിടയിൽ വളരെ കാലങ്ങളായി വിലമതിക്കപ്പെട്ടിരിക്കുന്നു. ജനസമൂഹങ്ങളെ ഒരുമിച്ചു നിർത്തുന്ന ബന്ധത്തെ ദൃഢീകരിക്കുന്നതിന് ഇതു സഹായിച്ചു. നേരെമറിച്ച്, ഉപകാര സ്മരണയില്ലാത്ത പെരുമാറ്റം പൊതുവെ അപകീർത്തികരവും നിന്ദ്യവുമായി കണക്കാക്കപ്പെടുന്നു. നന്ദിപ്രകാശനത്തിന്റെ വികാരം എല്ലായ്പ്പോഴും പ്രകടിപ്പിക്കപ്പെടുന്നില്ലായെങ്കിൽ പോലും പൊതുവെ പറഞ്ഞാൽ, ചില അളവിലെങ്കിലും നന്ദിയുള്ളവരായി തോന്നിക്കുന്നത് മനുഷ്യസ്വഭാവത്തിൽ സഹജമാണെന്നു തോന്നുന്നു. നമ്മുടെ പ്രിയപ്പെട്ടവരുമായുള്ള സൗഹൃദത്തിലുള്ള വിശ്വാസത്തിൽ നിന്നും ഉളവാകുന്നതാണ് ഞങ്ങൾ പരാമർശിക്കുന്ന നന്ദി. അതായത് സവിശേഷമായ ഓർമ്മകളാൽ ചുറ്റപ്പെടുമ്പോൾ കുടുംബ കൂട്ടായ്മകളിൽ സ്വയം സമർപ്പിക്കുന്നതിനുള്ള താത്പര്യത്തെ അനുവദിക്കുന്നതിനുള്ള ഒരു പ്രത്യാശ കൂടാതെ, പുതിയ ഓർമ്മകൾ സൃഷ്ടിക്കുവാൻ ദൈവം ആ സമയത്ത് നമുക്ക് അവകാശം നൽകുന്നു. അങ്ങനെ അത് ദാതാവും സ്വീകർത്താവും തമ്മിലുള്ള സ്നേഹാർദ്രമായ ദയയുടെ ഒരു പൊതുവായ സ്നേഹബന്ധത്തെ സമ്മാനിക്കുന്നു.

നന്ദി പ്രകാശനദിനം, നമ്മെ ഏവരെയും ആകർഷിക്കുന്ന ഒന്നാണ്. തീർത്ഥാടകരായ പിതാക്കന്മാർ വളരെ വർഷങ്ങൾക്കു മുൻപു തന്നെ ഈ ആചാരത്തിനു ആരംഭമിട്ടതിൽ നാം വളരെ സന്തോഷിക്കുന്നു. വിജയകരമായ വിളവിനെ ആഘോഷിക്കുന്നതിനും, ഒരു പക്ഷെ അമേരിക്കൻ ആദിമ നിവാസികളായ റെഡ് ഇന്ത്യക്കാരുടെ ഉദാരതയെ കൊണ്ടാടുന്നതിനും വേണ്ടിയാണ് വിളവെടുപ്പിന്റെ സമാപ്തിയിൽ അവർ ഈ ദിനം ക്രമീകരിച്ചിരിക്കുന്നത്. അത്തരം ഒരു ദിനാചരണം പരിഷ്കൃതരായ എല്ലാ മനുഷ്യരാശിയെയും ഗണ്യമായ അളവിൽ ആകർഷിക്കുന്നു. ഈ സന്തോഷത്തെ വർദ്ധിപ്പിച്ചുകൊണ്ട്, ചിലർ വിശ്വാസത്തിലൂടെ സ്വർഗ്ഗീയ പിതാവുമായുള്ള കൂട്ടായ്മയിലേക്കു വരികയും ദാവീദു പറഞ്ഞിരിക്കുന്ന നീതിമാന്മാരുടെ ആനന്ദങ്ങളെ മനസ്സിലാക്കുവാൻ പ്രാപ്തിയുള്ളവരായിത്തീരുകയും ചെയ്തു, "നീതിമാൻ യഹോവയിൽ ആനന്ദിച്ച് അവനെ ശരണമാക്കും; ഹൃദയ പരമാർത്ഥികൾ എല്ലാം പുകഴും" (സങ്കീ. 64:10). അവിടുത്തെ വചനത്തിന്റെ മാർഗ്ഗനിർദ്ദേശത്തെയും തന്റെ വിശുദ്ധമായ സഹജ സ്വഭാവത്തിനു നമ്മിലുള്ള പ്രചോദനങ്ങളുടെ മുന്നേറ്റത്തെയും അതായത് അവിടുത്തെ ആത്മാവിനെയും വിലമതിക്കുന്നതിനും തന്റെ വഴിനടത്തലുകളിലുള്ള മാർഗ്ഗനിർദ്ദേശങ്ങളെ ശ്രദ്ധിക്കേണ്ടതിനു നാം പഠിക്കേണ്ടതിനും ഇതു നമ്മെ ഇടയാക്കുന്നു. അതിമഹത്തായ വിശ്വാസത്തിനുടമയായവരുമായുള്ള നമ്മുടെ സംസർഗ്ഗത്തിന്റെ ലഭ്യമായ പിന്തുണയും ആശ്വാസവും കൈവരിച്ചുകൊണ്ട് അവരുമായുള്ള കൂട്ടായ്മയെ നാം വളരെയധികം വിലമതിക്കുന്നു.

നമ്മുടെ കർത്താവിന്റെ ജനനത്തിന്റെ പ്രത്യേകമായ ഓർമ്മയുടെ സമയമായ ക്രിസ്തുമസ് എന്നു പൊതുവെ പേർ വിളിക്കുന്നതിനെ ആഘോഷിക്കുന്നതിനു യഹോവ തന്റെ കൃപയാൽ നമ്മെ ക്ഷണിക്കുന്നു. നന്ദി പ്രകാശനത്തിന്റെ ഈ സമയത്ത് ഈ ഓർമ്മ ധാരാളം പേർക്ക് പവിത്രമായതും, ഭയഭക്തി നിറഞ്ഞതും, ആനന്ദമേറിയതുമായ സന്ദർഭമായിരിക്കുന്നു. മറ്റു ചിലരുടെ ഹൃദയത്തിന്റെ ചിന്തനകളും ആഗ്രഹങ്ങളും, കുടുംബപരവും മതപരവുമായ വിഷയങ്ങളിലേക്കും, യേശുക്രിസ്തുവിനെ ലോകത്തിലേക്ക് അയച്ച് ബലിയർപ്പിച്ചതിലൂടെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ മഹത്തായ പ്രകടനത്തിന്റെ ധ്യാനത്തിലേക്കും പ്രത്യേകമായി ആകർഷിക്കപ്പെടുന്നു (യോഹ. 3:16). പലയിടങ്ങളിൽ കുട്ടികളും ഹൃദയപരമായി ചെറുപ്പമായ എല്ലാ പ്രായത്തിലുമുള്ളവരും യേശു ഭൂമിയിൽ വന്നു എന്നും പാപത്തിൽ നിന്നും മരണത്തിൽ നിന്നും രക്ഷിക്കുന്നതിനു ജനിച്ചു എന്നുമുള്ള തിരിച്ചറിവിന്റെ സന്തോഷത്തിൽ സമീപ നിവാസികൾക്കായി പാട്ടുകൾ പാടുന്നതിനു ക്രിസ്തുമസ് തലേന്നു രാത്രിയിൽ പുറപ്പെടുന്നു. ഈ രീതിയിലും മറ്റു വിധേനയും അവർ ഈ ദിവ്യസന്തോഷ ധ്വനി പരത്തുന്നു. മറ്റുള്ളവരുമായി അപൂർവ്വമായി മാത്രം സംസാരിക്കുവാൻ സമയം ലഭിക്കുന്നവർക്ക്, ഭൂമിക്കുള്ള സമാധാനത്തിന്റെയും മനുഷ്യർക്കുള്ള ദിവ്യപ്രസാദത്തിന്റെയും സന്ദേശം പങ്കുവയ്ക്കുവാനുള്ള അവസരമാണ് ക്രിസ്തുമസ് കാലം.

യഹോവ മനുഷ്യനു നൽകിയിരിക്കുന്ന മഹത്തായ അനുഗ്രഹങ്ങൾക്കുള്ള ആദരവ് പ്രകടിപ്പിക്കുക എന്ന പൊതുവായ പദ്ധതിക്കായി മാറ്റി വെച്ചിരിക്കുന്ന ഈ നല്ല സമയത്ത്, അവിടുന്ന് നൽകിയിരിക്കുന്ന മഹത്തായ അനുഗ്രഹങ്ങളിൽ ഒന്ന് പ്രാർത്ഥനയാണെന്നു ഞങ്ങൾ കണക്കാക്കുന്നു, "പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ". നല്ല കാര്യങ്ങൾക്കു വേണ്ടി ശബ്ദരൂപേണയോ നിശബ്ദമായോ ദൈവത്തിങ്കലേക്ക് ഉയരുന്ന ഹൃദയത്തിന്റെ നിഷ്കപടമായ ആഗ്രഹമാണ് യാചനയോടു കൂടിയ പ്രാർത്ഥന. ദൈവത്തിന്റെ സമർപ്പിതരായ എല്ലാ മക്കളും തങ്ങളുടെ യാചനകൾക്ക് ഉത്തരം ലഭിക്കുവാൻ ആഗ്രഹിക്കുന്നു! വിളിച്ചു വേർതിരിച്ചു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മക്കൾ എന്ന നിലയിൽ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശത്തിനുള്ള എല്ലാ അവസരവും നാം അന്വേഷിക്കുന്നു. വിശ്വാസത്തിന്റെ എല്ലാ പരിശോധനയും നമ്മുടെ ക്രൂശുവഹിക്കലിൽ നമ്മെ നയിക്കുവാൻ വാഗ്ദത്തം ചെയ്തിരിക്കുന്ന ദൈവത്തിന്റെ കരങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവാനുള്ള അവസരമാണ്. പിൻവരുന്ന പരീക്ഷയിൽ വാഗ്ദത്തം ചെയ്തിരിക്കുന്ന "സഹായത്തിനുള്ള കൃപയ്ക്കായി" തത്ക്ഷണം അപേക്ഷിക്കുവാനും അതിൽ മുറുകെ പിടിച്ചു കൊള്ളുവാനും തക്കവണ്ണം നമ്മുടെ ബലഹീനതയുടെ പാഠം നമ്മിൽ ആഴമായി പതിയുവാനായി പരാജയത്തിന്റെ അവസരത്തിൽ നാം ക്ഷമ ചോദിച്ചു കൊണ്ട് പ്രാർത്ഥിക്കുന്നു. സത്യത്തിനു വേണ്ടിയുള്ള ഓരോ വേലയും, മഹാനായ രാജാവിന്റെ സന്നിധിയിൽ ആയിരിക്കുവാനുള്ള മറ്റൊരു പദവിക്കുള്ള നന്ദിപ്രകാശിതമായ പ്രാർത്ഥനയുടെ അവസരമായി മാറുന്നു. നമുക്ക് അവയെ വിവേകത്തോടെ ഉപയോഗിക്കാം. "പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ" എന്നു നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നതു പോലെ തന്നെ നമ്മുടെ പ്രാർത്ഥനാ ജീവിതത്തിലും നമുക്കു കർത്താവിനെ അനുകരിക്കാം.

യഥാർത്ഥ ക്രിസ്ത്യാനികൾ എന്ന നിലയിൽ "ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു" (1 പത്രൊ. 2:21) എന്ന് എപ്പോഴും മനസ്സിൽ കരുതണം. തന്റെ വഴികാട്ടലിൽ നാം ശ്രദ്ധയോടെ പിൻതുടർന്നാൽ, നമ്മുടെ ഇടയൻ എന്ന നിലയിൽ നമുക്കുള്ള തന്റെ നിരന്തരമായ പരിചരണം ബോധ്യപ്പെടുന്നത് എത്ര ആശ്വാസകരമായിരിക്കും! ഒരു ക്രിസ്ത്യാനി ഒരിക്കലും തന്റെ അനുഭവങ്ങൾ ഭാഗ്യമോ നിർഭാഗ്യമോ ആയി കരുതരുത്. അവൻ കർത്താവിനോടു ചേർന്നു ജീവിക്കുന്ന പക്ഷം അവനെ സംബന്ധിച്ച എല്ലാ കാര്യങ്ങളും കർത്താവിനാൽ നിർദ്ദേശിക്കപ്പെടുകയും വഴിനടത്തപ്പെടുകയും ചെയ്യുന്നവയാണെന്ന് ഓർമ്മിക്കണം. "ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കുന്നു" (സങ്കീ. 37:23). വഴി മുഴുവനും മുള്ളു നിറഞ്ഞതും, ഇടുങ്ങിയതും, പാറക്കെട്ടുള്ളതുമായിരിക്കട്ടെ, ദൈവത്തിന്റെ വഴിയാണ് ഏറ്റവും മികച്ചതെന്ന് അവൻ അറിയുന്നു.

ചിന്തിക്കുന്ന എല്ലാ മനസിലും ഇതൊരു ചോദ്യം ഉയർത്തുന്നു. നമ്മുടെ അനുഭവങ്ങളിലെ ഓരോ ചെറിയ ചുവടുകളും ഓരോ ചെറിയ സംഭവങ്ങളും നമ്മുടെ സ്വർഗ്ഗീയ പിതാവ് ആസൂത്രണം ചെയ്തു ക്രമീകരിക്കുന്നവയാണോ? അല്ല. അതു കുറച്ച് തീവ്രമായ ചിന്തയാണ്. എന്നിരുന്നാലും, "യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ (അവനെ ബഹുമാനിക്കുന്നവരുടെ) ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു" എന്ന് നമുക്ക് ഉറപ്പു നൽകിയിട്ടുണ്ട് (സങ്കീ. 34:7). ആയതിനാൽ നമ്മുടെ എല്ലാ കാര്യങ്ങളിലും കർത്താവിന്റെ കരുതൽ അധികമധികമായി ദർശിക്കുവാൻ നമുക്കു

പരിശ്രമിക്കാം. നാം ചെയ്യുന്ന ഓരോ പ്രവർത്തികളും വയ്ക്കുന്ന ഓരോ ചുവടുകളും, അവ തെറ്റാണെന്നു തെളിഞ്ഞാൽ ദൈവത്തിന്റെ നിർദ്ദേശപ്രകാരമാണെന്നു വിചാരിക്കാതെ, നീതിമാനായ മനുഷ്യന്റെ ഗതി ദൈവത്തിന്റെ മേൽനോട്ടത്തിൻ കീഴിലായതുകൊണ്ട് ആ ചുവടുകൾ അവനാൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കി തന്നോടു കൂടെ താഴ്മയിലും സ്നേഹത്തിലും നടക്കാം. ദൈവം തന്റെ ജനത്തിന്റെ ചുമതലയ്ക്കായി തന്റെ ദൂതന്മാരെ ആക്കി വയ്ക്കുന്നു; "നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിനു അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോടു കൽപിക്കും; നിന്റെ കാൽ കല്ലിൽ തട്ടി പോകാതിരിക്കേണ്ടതിനു അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും." (സങ്കീ. 91:11,12). സമർപ്പിതരായ യഥാർത്ഥ ക്രിസ്ത്യാനികൾ യഹോവയാൽ നയിക്കപ്പെടുന്നു.

## പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ

വിശ്വാസത്തിന്റെ നല്ലപോർ സ്വന്തശക്തിയാൽ പൊരുതുവാൻ ശ്രമിക്കുന്ന ക്രിസ്ത്യാനി, എത്ര ജാഗരണമുള്ളവനായിരുന്നാൽ തന്നെയും പരാജയപ്പെടുമെന്നത് തീർച്ചയാണ്. വിജയം കൈവരിക്കുവാൻ നമുക്ക് എന്തൊക്കെയാണോ കുറവുള്ളത് അവയെല്ലാം നമ്മുടെ രക്ഷാ നായകന്റെ ബലത്താൽ അതായത് ശക്തിയാൽ നൽകി തന്നുകൊണ്ട് നമ്മുടെ ബലഹീനതയിൽ അവിടുത്തെ ശക്തി തികഞ്ഞുവരുന്നതിനാൽ അവിടുത്തെ കൃപ നമുക്കു മതി എന്ന ഉറപ്പു നൽകിയിരിക്കുന്നു. ഒരിക്കലും പരാജയപ്പെടാത്ത തന്റെ ശക്തിയുടെ സഹായത്തിൽ പ്രത്യാശയർപ്പിച്ച് അതിനായി അപേക്ഷിക്കുന്നതനുസരിച്ച്, ലോകത്തോടും ജഡത്തോടും പിശാചിനോടുമുള്ള നമ്മുടെ പോരാട്ടത്തിൽ നാം ജയാളികളായിരിക്കും. "ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിനു ഞാൻ അതി സന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും" എന്ന് അപ്പൊസ്തലനായ പൗലൊസിനോടു കൂടെ ചേർന്നു നമുക്കും പറയാം (2 കൊരി. 12:9).

സമർപ്പിതരായ ക്രിസ്ത്യാനികൾ എന്ന നിലയിൽ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സ്വീകരിച്ചിട്ടുണ്ടോ എന്നു നാം നമ്മോടു തന്നെ ചോദിക്കണം. "യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറക്കും." (മത്താ. 7:7,8; 21:22). "നിങ്ങൾ എന്നിലും [മാനസാന്തരത്തിലൂടെയും, വിശ്വാസത്തിലൂടെയും, സമർപ്പണത്തിലൂടെയും എന്നിലേക്ക്, എന്റെ നേതൃത്വത്തിൻ കീഴിൽ വന്ന്] എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും." (യോഹ. 15:7). എത്ര മഹത്തായ വാഗ്ദത്തം! എന്നാൽ ഈ പ്രതിഫലം നേടണമെങ്കിൽ നാം ഈ രണ്ടു വ്യവസ്ഥകളെയും നിറവേറ്റണമെന്നത് ശ്രദ്ധിക്കണം. ദൈവത്തിന്റെ ഇഷ്ടത്തോടുള്ള പൂർണ്ണ പൊരുത്തത്തിൽ ദൈവത്തിൽ വസിച്ചുകൊണ്ട് തിരുവെഴുത്തിൽ കാണുന്ന തന്റെ നിർദ്ദേശങ്ങൾക്ക് എതിരായി ഒന്നും നാം ആവശ്യപ്പെടാതെ ഇരിക്കുന്നു എന്ന് ഉറപ്പുണ്ട് എങ്കിൽ, നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കും എന്ന പൂർണ്ണ വിശ്വാസം നമുക്കുണ്ട്. "അപേക്ഷിപ്പിൻ; എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകും വണ്ണം നിങ്ങൾക്കു ലഭിക്കും." (യോഹ. 16:24). യാചിക്കായ്കകൊണ്ട് ചിലർക്ക് ലഭിക്കുന്നില്ല; മറ്റു ചിലർ യാചിക്കുന്നു എങ്കിലും തങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിനു അതായത് ജഡത്തിന്റെ ആഗ്രഹത്തിനു വേണ്ടി വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല (യാക്കൊ. 4:2,3). ദൈവത്തിന്റെ ഇച്ഛയ്ക്കും, ലക്ഷ്യങ്ങൾക്കും, പദ്ധതികൾക്കും, ക്രമീകരണത്തിനും അനുസൃതമായി മാത്രം യാചിക്കുവാൻ നാം ശ്രദ്ധാലുക്കളായിരിക്കണം. "ആത്മാവോടു പോരാടുന്ന ജഡമോഹങ്ങളെ നാം വിട്ടകലണം." (1 പത്രൊ. 2:1).

പ്രാർത്ഥനക്കു ശക്തിയുണ്ട്. എന്തുകൊണ്ടെന്നാൽ നമ്മുടെ ബലഹീനതയും, ദൈവത്തിന്റെ അനന്തമായ ശക്തിയും, നമ്മുടെ ആവശ്യങ്ങളും, അവിടുത്തെ സമൃദ്ധമായ സഹായവും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ് പ്രാർത്ഥന. മത്താ. 7:11 ൽ യേശു നമുക്ക് മഹത്തായ ഉറപ്പു നൽകുന്നു: "അങ്ങനെ ദോഷികളായ [വീഴ്ച ഭവിച്ച അവസ്ഥയിൽ അപൂർണ്ണരായിരിക്കുന്ന] നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുക്കുവാൻ അറിയുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും?" മുൻപു പറഞ്ഞ അതേ വ്യവസ്ഥകൾ ഇവിടെയും നമ്മൾ കാണുന്നു. ആദ്യമായി, നാം ദൈവത്തിനു സമർപ്പണം ചെയ്ത് ക്രിസ്തുവിന്റെ നേതൃത്വത്തിൻ കീഴിൽ വസിക്കേണ്ടതാണ്. എന്തിനെന്നാൽ ദൈവത്തിനു സ്വയം സമർപ്പിച്ച്, യേശുവിൽ വസിക്കുന്നവർക്കു മാത്രമേ ദൈവത്തെ പിതാവ് എന്നു വിളിക്കുവാനാകൂ. രണ്ടാമതായി, "നല്ല ദാനങ്ങൾക്ക്" അതായത് ദൈവം നമുക്കു നൽകുവാൻ പ്രിയപ്പെടുന്ന പരിശുദ്ധാത്മാവിനും അതിനു കൂട്ടായ കാര്യങ്ങൾക്കും വേണ്ടി മാത്രമേ നാം അപേക്ഷിക്കാവൂ (ലൂക്കൊ. 11:13). അവിടുത്തെ അനുഗ്രഹങ്ങൾക്കു പ്രാപ്തരാകണമെങ്കിൽ നാം ദൈവസ്നേഹത്തിൽ നമ്മെത്തന്നെ സൂക്ഷിക്കയും

(യൂദാ. 21) നമ്മുടെ ഹൃദയങ്ങൾ ദൈവത്തോടു യോജിച്ചിരിക്കയും വേണം.




ദൈവത്തിന്റെ അതേ മനോഭാവത്തിൽ നിന്നുകൊണ്ടു പ്രാർത്ഥിച്ചാൽ നമുക്ക് എപ്പോഴും ദൈവത്തോടു അടുക്കുവാൻ സാധിക്കും എന്നതിൽ ഉറപ്പുള്ളവരായിരിക്കുക. സ്വാർത്ഥപരമായ താത്പര്യങ്ങൾക്കു വേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തോടു നാം യോജിപ്പില്ല. "ദൈവം ആത്മാവു ആകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം" (യോഹ. 4:24). അതിനു പുറമെ, "ദൈവം സ്നേഹമാണ്"; സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല"; "സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു" (1 യോഹ. 4:8,16). ദൈവത്തെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുന്ന ദൈവ മക്കൾക്കും (മർക്കൊ. 12:30), തന്നോടുള്ള പൂർണ്ണ ഭക്തിയിൽ തന്നെ പരമമായി സ്നേഹിക്കുകയും പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ ആത്മാവിൽ പിതാവിനോടും പുത്രനോടും ഒന്നായിരിക്കുകയും ചെയ്യുന്നവർക്കും, ദൈവവചനത്താൽ നടത്തപ്പെടുകയും അതിനോടു പൂർണ്ണ കൂട്ടായ്മയിലായതിനാൽ ദൈവവചനത്തിനും അതിൽ വെളിപ്പെടുത്തിയിരിക്കുന്ന ദൈവേഷ്ടത്തിനും വിപരീതമായി യാതൊന്നും അപേക്ഷിക്കാത്തവർക്കും, അവരുടെ ആവശ്യങ്ങൾക്ക് അതീതമായ ഉറപ്പും, പ്രപഞ്ചത്തിന്റെ ദൈവമായ, സൈന്യങ്ങളുടെ യഹോവയോടും തന്റെ ഏകജാതനായ പുത്രനായ യേശുവിനോടും ഏറ്റവും അമൂല്യമായ ബന്ധവും ഉണ്ട് (1 യോഹ. 1:3). "യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു; യഹോവ കൃപയും മഹത്വവും നൽകുന്നു; നേരോടെ നടക്കുന്നവർക്കു അവൻ ഒരു നന്മയും മുടക്കുകയില്ല" (സങ്കീ. 84:11). നാം യേശുവിന്റെ നാമത്താൽ ദൈവത്തിങ്കലേക്കു വരികയും, നമുക്ക് ദൈവത്തോടു കൂട്ടായ്മയും ഉണ്ടെങ്കിൽ, നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കും (യോഹ. 15:16). "ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ; അതു കൊണ്ട് ഞങ്ങളാൽ ദൈവത്തിനു മഹത്വം ഉണ്ടാകുമാറ് അവനിൽ ആമേൻ എന്നും തന്നെ" (2 കൊരി. 1:20).

## ഏഴു തരം പ്രാർത്ഥനകൾ

വിശാലമായ അർത്ഥത്തിൽ പ്രാർത്ഥനയിൽ സംബോധനയും, സ്തുതിയും, നന്ദിപ്രകാശനവും, ഏറ്റുപറച്ചിലും, യാചനയും, സംസർഗ്ഗവും, ഉറപ്പും ഉൾക്കൊള്ളുന്നു. ഇവ ഏഴു തരത്തിലുള്ള പ്രാർത്ഥനകൾ ആണ് അഥവാ ഏഴു ഘടകങ്ങളാണ് പ്രാർത്ഥനക്കുള്ളത്. അതിൽ ഒന്നുപോലും ഒഴിച്ചുകൂടാവുന്നതല്ല.

അതെ നമുക്ക്, "ദൈവത്തിനു (നന്ദി) സ്തോത്രം അർപ്പിക്കാം, അത്യുന്നതനു നേർച്ചകളെ കഴിക്കാം" (സങ്കീ. 50:14).

പ്രാർത്ഥന ആരംഭിക്കുന്നത് ഒരു അഭിസംബോധനയോടു കൂടെയാണ്, അതുവഴി നാം ദൈവത്തെയോ, യേശുവിനെയോ വിളിക്കുന്നു. സമർപ്പിതർ സാധാരണയായി പിതാവിനോടാണ് പ്രാർത്ഥിക്കേണ്ടതെങ്കിലും, പ്രാർത്ഥനയിൽ കർത്താവായ യേശുവിനെ അഭിസംബോധന ചെയ്യുന്നതും ഉചിതം തന്നെ (2 തെസ്സ. 3:1-5; വെളി. 22:20,21). പ്രാർത്ഥനയിൽ ദൈവത്തെ എങ്ങനെ അഭിസംബോധന ചെയ്യണമെന്ന് നമ്മുടെ കർത്താവു നമ്മോടു പറഞ്ഞിട്ടുണ്ട്: "നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" (മത്താ. 6:9; ലൂക്കൊ. 11:12). നമ്മുടെ സ്വർഗ്ഗീയ പിതാവിനെ ഇത്തരത്തിൽ അഭിസംബോധന ചെയ്യുന്നതിലൂടെ ദൈവത്തോടുള്ള നമ്മുടെ മഹത്തായ അടുത്ത ബന്ധത്തിന്റെ വൈകാരികതയിലേക്കും അവബോധത്തിലേക്കും നാം ആകർഷിക്കപ്പെടുന്നു. എത്ര അമൂല്യമായ ഒരു ബന്ധമാണ് നമുക്ക് ദൈവത്തോടുള്ളത്!

ദൈവം നൽകിത്തന്നിരിക്കുന്ന ധാരാളമായ ദാനങ്ങൾക്കായി തന്നെ സ്തുതിക്കുന്നതിനും പ്രാർത്ഥനയിൽ ഒരു വലിയ പങ്കുണ്ട്. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ശരിയായ വിലമതിപ്പും തന്നോടുള്ള നമ്മുടെ ഭയഭക്തിയും അവനിത് ഉറപ്പിച്ചു കൊടുക്കുന്നു. അവിടുത്തെ സർവ്വശക്തമായ അസ്തിത്വത്തിന്റെയും, മഹത്തായ സ്വഭാവത്തിന്റെയും, ആശ്ചര്യമാർന്ന വേലകളുടെയും അത്ഭുതങ്ങളെ നാം ആലോചിക്കുമ്പോൾ അവ നമ്മെ തന്നോട് അത്യധികം അടുത്തെത്തിക്കുന്നു. "യഹോവയെ സ്തുതിപ്പിൻ; നമ്മുടെ ദൈവത്തിനു കീർത്തനം പാടുന്നത് നല്ലത്; അതു മനോഹരവും സ്തുതി ഉചിതവും" – യുക്തവും യോജിച്ചതും തന്നെ (സങ്കീ. 147:1). "യഹോവ വലിയവനും അത്യന്തം സ്തുത്യനും ആകുന്നു; അവന്റെ മഹിമ അഗോചരമത്രെ" (സങ്കീ. 145:3).

നന്ദിയർപ്പിക്കുന്നത് എത്ര മഹത്തായ അവകാശ

മാണ്: "നാം സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ ചെല്ലുക" (സങ്കീ. 95:2; 100:4; 2 കൊരി. 9:11,12). നമുക്ക് അനുയോജ്യമായ സമയത്ത് തന്റെ ഉപദേശം തേടുവാനുള്ള അവകാശം നമുക്കു നൽകിയിട്ടുണ്ട്. അതിനാൽ, "എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോടു അറിയിക്കയത്രെ വേണ്ടത്" (ഫിലി. 4:6).

ഏറ്റുപറഞ്ഞുകൊണ്ടുള്ള പ്രാർത്ഥന വളരെ പ്രാധാന്യമർഹിക്കുന്നതാണ്. വാസ്തവത്തിൽ ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയുടെ അടിസ്ഥാനം ഇതാണ്. "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന്ന ശുഭം വരികയില്ല; അവയെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും" (സദൃ. 28:13). ദൈവത്തിന്റെയോ യേശുവിന്റെയോ മുമ്പിൽ നമ്മുടെ തെറ്റുകളെ ഏറ്റു പറഞ്ഞുകൊണ്ട് പിതാവിന്റെ സ്നേഹാർദ്രമായ ദയയെ അന്വേഷിക്കേണ്ട ആവശ്യമില്ലാ എന്നു ചിലർ പറയുന്നതുപോലെയുള്ള നിലയിൽ നാം ഒരിക്കലും ആകരുത്. തന്നിൽ പാപങ്ങളും തെറ്റുകളും ഉണ്ട് എന്നതിനെ നിരാകരിക്കുകയും, ക്ഷമക്കായി ക്രിസ്തുവിലുള്ള വിശ്വാസത്താൽ ദൈവത്തിങ്കലേക്കു വരാതിരിക്കുകയും ചെയ്യുന്നവർക്കെതിരെ മാഞ്ഞു കിട്ടാത്തതും ക്ഷമിക്കാനാവാത്തതുമായ പാപങ്ങളുടെ വലിയ കൂമ്പാരം തന്നെ ചുമത്തപ്പെട്ടിട്ടുണ്ട്. ഈ കാരണത്താൽ അവർക്ക് (ഒരു വലിയ അളവിലെങ്കിലും) സ്വർഗ്ഗീയ പിതാവിനോടും പുത്രനായ യേശുവിനോടുമുള്ള കൂട്ടായ്മ നഷ്ടപ്പെടുകയും അവർ "നീതിപാതകളിൽ" നടക്കുന്നതിൽ ഉപേക്ഷ വിചാരിക്കുകയും ചെയ്യുന്നു (സങ്കീ. 23:3).

**ഏഴുതരം പ്രാർത്ഥനകൾ**

**സംബോധന**
**സ്തുതി**
**കൃതജ്ഞതാ പ്രകാശം**
**യാചന**
**ഏറ്റുപറച്ചിൽ**
**സംസർഗ്ഗം**
**ഉറപ്പ്**

മുകളിൽ വിവരിച്ചതുപോലെ നല്ല കാര്യങ്ങൾക്കു വേണ്ടി ശബ്ദരൂപേണയോ നിശബ്ദമായോ യേശുവിന്റെ നാമത്തിൽ ദൈവത്തിങ്കലേക്കുയരുന്ന ഹൃദയത്തിന്റെ നിഷ്കപടമായ ആഗ്രഹമാണ് യാചനയോടു കൂടിയ പ്രാർത്ഥന.

പിതാവിനോടും പുത്രനോടുമുള്ള സംസർഗ്ഗം എന്നത് പ്രാർത്ഥനയുടെ ഏറ്റവും അമൂല്യമായ ഘടകമാണ് (1 യോഹ. 1:3; 2 യോഹ. 3). നമ്മുടെ പൊതു താത്പര്യങ്ങളിലും, അവരോടുള്ള ആത്മാവിന്റെ കൂട്ടായ്മയിലും (യോഹ. 17:21-23), അവരോടുള്ള അഗാധമായ ബന്ധത്തിലും, അവരിൽ നിന്നും അനേകം അനുഗ്രഹങ്ങൾ നാം കൈപ്പറ്റുന്നതിലും, അവരോടുള്ള ആത്മീയ സംവേദനത്തിലും നമുക്ക് അവരോടു "കൂട്ടായ്മ" (കൊയ്നോനിയ (ഗ്രീക്ക്), പങ്കാളിത്തം, ഓഹരി, സംസർഗ്ഗം) ഉണ്ട്. അവിടുന്ന് നമ്മോടു അടുത്തുവരും എന്ന ഉറപ്പു നൽകിക്കൊണ്ട് എത്ര ആദരവോടെയും സ്നേഹത്തോടെയുമാണ് തന്നോടുള്ള കൂട്ടായ്മയിലേക്കു താൻ നമ്മെ ക്ഷണിക്കുന്നത്! എന്നാൽ നാം നിർമ്മല ഹൃദയത്തോടും വെടിപ്പുള്ള കൈകളോടും കൂടെ തന്റെ അടുക്കൽ ചെല്ലേണ്ടതാണ് (സങ്കീ. 24:3-5; യാക്കോ. 4:8). സമർപ്പിതനായ ഒരു പൈതൽ ദൈവത്തെ "ഞങ്ങളുടെ പിതാവേ" എന്നു വിളിക്കുന്നതിലും ആ പിതാവിന്റെ പിതൃപരിചരണം ആസ്വദിക്കുകയും ചെയ്യുന്നതിലും യഹോവ അത്യധികം സന്തോഷിക്കുന്നു!

അവസാനത്തേതും, ഒരുപോലെ പ്രാധാന്യവുമായ പ്രാർത്ഥനയാണ് വാഗ്ദാനങ്ങളിൽ ഊന്നിയുള്ള പ്രാർത്ഥന. ആ അവകാശം എത്ര അമൂല്യമാണ്! നാം അവയെ വിശ്വാസത്താൽ അവകാശമാക്കുന്നതുപോലെ ദൈവത്തിന്റെ കൃപയാർന്ന വാഗ്ദത്തങ്ങളെ നമ്മുടേതാക്കുന്നതിനു അവയാൽ നമ്മെത്തന്നെ ഓർമ്മപ്പെടുത്തുന്നു. നമുക്ക് പ്രാർത്ഥനയ്ക്ക് യാതൊരു ഉറപ്പും ഇല്ലായിരുന്നെങ്കിൽ അതിൽ വിശ്വസിക്കുന്നത് വൃഥാവാകുമായിരുന്നു. അതായത് നാം വിശ്വാസത്തോടെ പ്രാർത്ഥന കഴിക്കയില്ലായിരുന്നു. "വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനത്തിനു ധൈര്യവും ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ട് നാം ദുർമനഃസാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്തിൽ ശരീരം കഴുകപ്പെട്ടവരുമായി – "വചനത്തോടു കൂടിയ ജലസ്നാനം" – വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക (എബ്രാ. 10:21,22; എഫെ. 5:26).

പ്രാർത്ഥനയുടെ ആവശ്യത്തെക്കുറിച്ചും പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ചും യേശു നമുക്കു മഹത്തായ ഉദാഹരണം നൽകിയിട്ടുണ്ട്. തന്റെ പ്രാർത്ഥനകൾ പാപത്തിന്റെ ഏറ്റുപറച്ചിൽ ഒഴിച്ച് മറ്റെല്ലാ ഘടകങ്ങളെയും ഉദാഹരിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ തനിക്കൊന്നും ഏറ്റു പറയാനില്ലായിരുന്നു. എന്നാൽ താൻ തന്റെ പ്രാർത്ഥനയിൽ പിതാവിലുള്ള



തന്റെ ആശ്രയം അംഗീകരിച്ചിരുന്നു. പ്രാർത്ഥനയുടെ ഏഴ് ഘടകങ്ങളും ഒരു പ്രാർത്ഥനയിൽ തന്നെ ഉൾക്കൊള്ളിച്ചിരിക്കണമെന്നു നിർബന്ധമില്ല. ഉദാ. മത്താ. 11:25 ൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ പ്രാർത്ഥനയിൽ അഭിസംബോധനയും, നന്ദിയർപ്പണവും, ഉറപ്പും മാത്രമെ ഉണ്ടായിരുന്നുള്ളു. ദൈവീക പദ്ധതി മനസലിവും താഴ്മയും ഉള്ളവർക്ക് വെളിപ്പെടുത്തിയിരിക്കയാലും സ്വയമതിപ്പിനാൽ ജ്ഞാനികളായവർക്കും, ധാർഷ്ട്യക്കാർക്കും, തലക്കനമുള്ളവർക്കും മറച്ചിരിക്കുന്നതിനാലും ഉറപ്പോടെ താൻ ദൈവത്തിന്ന നന്ദിയർപ്പിക്കുന്നു. ലാസറിന്റെ കല്ലറയ്ക്കു മുന്നിലെ പ്രാർത്ഥനയിലും (യോഹ. 11:41,42) ഈ മൂന്നു ഘടകങ്ങളെ അടങ്ങിയിട്ടുള്ളു. ലാസറിന്റെ ഉയിർത്തെഴുന്നേൽപ്പിനായി താൻ പിതാവിനോടു മുന്നമേ അപേക്ഷിച്ചിരുന്നു എന്നു ഈ പ്രാർത്ഥന സൂചിപ്പിക്കുന്നു. യോഹ. 17 ലെ മഹാപുരോഹിതൻ എന്ന നിലയിലുള്ള പ്രാർത്ഥനയിൽ സംബോധനയും, യാചനയും, ഉറപ്പും ഉണ്ടെങ്കിലും അതിന്റെ പ്രധാനഭാഗം ദൈവത്തോടുള്ള കൂട്ടായ്മ (സംസർഗ്ഗം) ആണ്. തന്റെ എല്ലാ പ്രാർത്ഥനയിലും വിധേയത്വത്തിന്റെ ആത്മാവ് അടങ്ങിയിരിക്കുന്നു. അതു പ്രത്യേകമായും ഗത്സമനയിലെ പ്രാർത്ഥനകളിൽ കാണാനാകും. ദൈവത്തോടുള്ള തന്റെ ഐക്യത, പ്രാർത്ഥനയെ തനിക്കു ഏറ്റവും ഉചിതവും സ്വാഭാവികവുമായ കാര്യമാക്കി മാറ്റി. പുലർക്കാലങ്ങളിലും വൈകുന്നേരങ്ങളിലും, ഭക്ഷണ സമയങ്ങളിലും, ഉചിതമായ മറ്റെല്ലാ സാഹചര്യങ്ങളിലും താൻ നിരന്തരം പ്രാർത്ഥിച്ചിരുന്നു എന്ന് നമുക്ക് ഉറപ്പിക്കാം. എന്തെന്നാൽ, തന്റെ ഹൃദയത്തിലെ നിഷ്കപടമായ ആഗ്രഹങ്ങൾ എപ്പോഴും ദൈവത്തിങ്കലേക്ക് എത്തിയിരുന്നു. അവ ആവശ്യപ്പെടുംപോലെ രഹസ്യത്തിലും പരസ്യത്തിലും, ദൈവത്തിനും ക്രിസ്തുവിനും ഉചിതമായ മാർഗ്ഗത്തിൽ വാക്കുകളിൽ പ്രകടിപ്പിക്കപ്പെട്ടു.

എന്റെ പ്രിയ സഹോദരങ്ങളെ നമ്മുടെ വിശ്വാസം അടിക്കടി പ്രത്യേകമായ പരിശോധനകൾക്ക് വിധേയമാകുകയും, ചില സമയങ്ങളിൽ സകലവും നമ്മുടെ താത്പര്യങ്ങൾക്കും പ്രതീക്ഷകൾക്കും വിപരീതമായിത്തീരുന്നുവെന്നു തോന്നുകയും ചെയ്യാം. അപ്പോൾ ദൈവത്തിന്റെ സാന്നിദ്ധ്യം നമുക്കു കണ്ടെത്താനാകാതെ വരുമ്പോൾ ദൈവത്തിൽ വിശ്വസിക്കുവാൻ നമുക്കു കഴിയുമോ? കാഴ്ചയാൽ നമുക്കു നടക്കുവാനാകാത്തപ്പോൾ, വിശ്വാസത്താൽ തന്നോടൊപ്പം നടക്കാനാകുമോ? ദുർദ്ദിവസത്തിൽ (നാം ഇപ്പോൾ ജീവിക്കുന്ന കാലത്തിൽ) എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നിൽപ്പാനും കഴിയേണ്ടതിന്ന നാം ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചിട്ടുണ്ടോ, നാം പൂർണ്ണമായും സജ്ജരാണോ? (എഫെ. 6:13). ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വിശ്വാസത്താൽ വാഴുകയും, തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരും നമ്മെ കവർന്നു കളയാതിരിപ്പാൻ നാം തന്നിൽ വേരൂന്നിയും ആത്മീയവർദ്ധന പ്രാപിച്ചും നമുക്ക് ഉപദേശിച്ചു തന്നതിനൊത്തവണ്ണം വിശ്വാസത്തിൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിക്കുന്നുവോ? "അവനിൽ വേരൂന്നിയും ആത്മിക വർദ്ധന പ്രാപിച്ചും നിങ്ങൾക്കു ഉപദേശിച്ചു തന്നതിനൊത്തവണ്ണം വിശ്വാസത്താൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ" (കൊലൊ. 2:6,7 NKJ).

## നന്ദിയർപ്പിക്കേണ്ട കാര്യങ്ങൾ

എന്റെ ക്ലേശങ്ങൾ എന്നെ രൂപപ്പെടുത്തുകയാലും എന്നെ ശക്തനാക്കി തീർക്കുകയാലും ഞാൻ ജീവിച്ചിരുന്ന് യഹോവയുടെ സത്യം യഥാസമയം ആസ്വദിക്കാൻ പ്രാപ്തനാക്കുകയും ചെയ്യുന്നതിന് നന്ദിയർപ്പിക്കണം.

കൃതജ്ഞത ജീവിതത്തിന്ന പൂർണ്ണത നൽകുന്നു. നമുക്ക് എന്തു കൈവശമുണ്ടോ അവയെ നമുക്ക് മതിയായതായി കൃതജ്ഞത മാറ്റിയെടുക്കുന്നു. അത് എതിർപ്പിനെ അംഗീകരണമായും, അവ്യവസ്ഥയെ ക്രമമായും, സംഭ്രാന്തിയെ വ്യക്തതയായും മാറ്റിയെടുക്കുന്നു. അതിന്ന ഒരു നേരത്തെ ഭക്ഷണത്തെ വിരുന്നായും, ഒരു വീടിനെ ഭവനമായും, ഒരു അപരിചിതനെ ഒരു സുഹൃത്തായും മാറ്റാനാകും.

ദൈവത്തിന്റെ സമർപ്പിതരായ മക്കൾ എന്ന നിലയിൽ നാം ഇന്ന് എങ്ങനെയാണോ ഉള്ളത് ആ അവസ്ഥയിലേക്കു നമ്മെ വളർത്തിയെടുക്കുന്നതിന്ന നമ്മുടെ മുമ്പിൽ ചില സ്വഭാവ ഗുണങ്ങൾ വച്ചു തന്ന നല്ല രക്ഷകർതൃത്വ കഴിവുകളുള്ള പിതാവും മാതാവും നമുക്കുള്ളതിന് നാം നന്ദിയർപ്പിക്കണം.

നിങ്ങൾക്കു വന്നു ചേർന്നിരിക്കുന്ന സകല കാര്യങ്ങൾക്കും നന്ദിയുള്ളവരായിരിക്കുന്ന സ്വഭാവം നാം വളർത്തിയെടുക്കണം. നിങ്ങളുടെ പുരോഗതിക്ക് കാരണമായിരിക്കുന്ന സകല കാര്യങ്ങൾക്കും ഇടവിടാതെ നന്ദിയർപ്പിക്കുക; ആകയാൽ നിങ്ങളുടെ നന്ദിയർപ്പണത്തിൽ സകല കാര്യങ്ങളും ഉൾപ്പെടുത്തുക.

ശോഭയുള്ള ഒരു ശരത്ക്കാല ദിനത്തിൽ ആകർഷകവും വർണ്ണാഭവുമായ നിറങ്ങളോടു കൂടിയ ഇലകളാൽ വൃക്ഷങ്ങൾ നിറഞ്ഞു നിൽക്കുന്ന അവസരത്തിൽ വൃക്ഷങ്ങൾക്കിടയിലൂടെ സ്വസ്ഥമായി നടക്കുമ്പോൾ നിങ്ങൾക്കു ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങളെ ഓർത്തു നോക്കുക. നാം നന്ദിയർപ്പിക്കേണ്ട ഇത്തരം അനേകം കാര്യങ്ങളുണ്ട്. ഈ സൗന്ദര്യത്തെ വെറും നിസാരമെ

ന്നു കാണുന്നത് എത്ര എളുപ്പമാണ്!

നാം നന്ദിയർപ്പിക്കുമ്പോൾ, നാം ശബ്ദിക്കുന്ന വാക്കുകളിലൂടെ അല്ല, മറിച്ച് നാം സംസാരിക്കുന്ന വാക്കുകൾക്കനുസൃതമായി എങ്ങനെ നാം ജീവിക്കുന്നു എന്നതിലൂടെയാണ് ഉന്നതമായ വിലമതിപ്പ് പ്രകടമാകുന്നത് എന്ന കാര്യം നമ്മുടെ മനസ്സിൽ സംഗ്രഹിച്ചു കൊള്ളണം. പുഞ്ചിരി നിങ്ങളുടെ മുഖപ്രസാദത്തെ ഉയർത്തുന്നു. നിങ്ങൾ ചിരിക്കുമ്പോൾ സന്തോഷത്തിന്റെ ഹോർമോൺ പുറപ്പെടുവിക്കുന്നു. നാം മറ്റുള്ളവരുമായി നമ്മുടെ സന്തോഷത്തെ പങ്കുവയ്ക്കുമ്പോൾ ഈ ഹോർമോണുകൾ ഉയരുന്നതായി കാണുന്നു.




"ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ. അതുകൊണ്ടു നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നിൽപ്പാനും കഴിയേണ്ടതിനു **ദൈവത്തിന്റെ സർവ്വായുധവർഗ്ഗം** എടുത്തുകൊൾവിൻ...

... **ദൈവവചനം** എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ."

രാജ്യത്തിന്റെ അനുഗ്രഹങ്ങളിലേക്കു നമ്മെ ഒരുക്കുന്നതിനായുള്ള സമർപ്പിത ലക്ഷ്യങ്ങളിലേക്കു എത്തിക്കുന്നതിനു മറ്റൊരു അവസരവുമായി പുലരിയിൽ ഉറക്കമുണരുന്നതിൽ നാം എത്ര നന്ദിയുള്ളവരാണ്. നിങ്ങളിൽ ആയിരിക്കുന്ന : ജീവനം, സ്നേഹവും, അനുകമ്പയും സകലർക്കും ദയയുള്ള പ്രവൃത്തി ചെയ്യുവാനുള്ള പ്രത്യാശയെ പ്രചോദിപ്പിക്കുന്നതായിരിക്കട്ടെ.

ഏറ്റവും ലളിതമായ കാര്യങ്ങൾ തുടങ്ങി ജീവിതം മാറ്റിമറിക്കുന്ന കാര്യങ്ങൾക്കു വരെ നാം നന്ദിയുള്ളവരായിരിക്കേണ്ടതുണ്ട്. എന്നാൽ ചില സമയങ്ങളിൽ നമ്മുടെ ഭയങ്ങളാലും നിഷേധാത്മക ചിന്തകളാലും അവ മറഞ്ഞിരിക്കുന്നു. ഓരോ ദിനാരംഭത്തിലും ദൈവം നമ്മെ ഉണർത്തിയിരിക്കുന്നു എന്നുള്ള മഹത്തായ കാര്യത്തിനു നന്ദിയുള്ളവരായിത്തീരുന്നതായിരിക്കട്ടെ നമ്മുടെ നന്ദിയർപ്പണത്തിലുള്ള ഏറ്റവും മഹത്തായ സ്മരണ!

1897 ൽ പ്രസിദ്ധീകരിച്ച ഒരു ഗാനത്തിന്റെ വരികളെ നമുക്ക് അവലംബമാക്കാം: നിങ്ങളുടെ അനുഗ്രഹങ്ങളെ എണ്ണി, അവയെ ഒന്നൊന്നായി പേർ പറവിൻ. ആ ഗാനത്തിന്റെ അവസാന പദ്യശകലം നമ്മുടെ സമർപ്പണ ചിന്തയെ പിൻതുണക്കുന്നു: "ചെറുതോ വലുതോ ആയ സംഘർഷത്തിനിടയിലും ഭീരുവാകരുത്, ദൈവം എല്ലാറ്റിനും മീതെ ഉണ്ട്".

## നന്ദി പ്രകാശനവും അങ്ങനെ തന്നെ

നന്ദിപ്രകടനം ഭൂമിയിലെമ്പാടുമുള്ള സമൂഹങ്ങൾക്കിടയിൽ വളരെക്കാലങ്ങളായി വിലമതിക്കപ്പെട്ടിരിക്കുന്നു. ജനസമൂഹങ്ങളെ ഒരുമിച്ചു നിർത്തി ബന്ധത്തെ ദൃഢീകരിക്കുന്നതിനു ഇതു സഹായിച്ചു. നേരെ മറിച്ച്, ഉപകാര സ്മരണ ഇല്ലാത്ത പെരുമാറ്റം പൊതുവെ അപകീർത്തികരവും നിന്ദ്യവുമായി കണക്കാക്കപ്പെടുന്നു. നന്ദി പ്രകാശിതമായ വികാരം എല്ലായ്പ്പോഴും ശബ്ദരൂപേണ പ്രകടിപ്പിക്കപ്പെടുന്നില്ലായെങ്കിൽ പോലും, പൊതുവായി പറഞ്ഞാൽ ചില അളവിലെങ്കിലും നന്ദിയുള്ളവരായി തോന്നിക്കുന്നത് മനുഷ്യസ്വഭാവത്തിൽ സഹജമാണെന്നു തോന്നുന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങൾക്കു നാം വളരെ നന്ദിയുള്ളവരാണ്; എന്നാൽ ഇതു സ്വാർത്ഥപരമായ ഒരു നന്ദിയർപ്പണമല്ല. ദൈവം "ഭൂമിയിലെ സകല വംശങ്ങളെയും അനുഗ്രഹിക്കും" (ഉല്പ. 12:3) എന്നു വാഗ്ദത്തം ചെയ്തിട്ടുള്ളതിനാലാണ് നാം അവനോടു നന്ദിയുള്ളവരായിരിക്കുന്നത്. മനുഷ്യവർഗ്ഗത്തെ ശാപത്തിൽ നിന്നും രക്ഷിപ്പാൻ തന്റെ പുത്രനെ നൽകുവാൻ തക്കവണ്ണം വീഴ്ച ഭവിച്ച മനുഷ്യവർഗ്ഗത്തോടു പ്രസാദം തോന്നിയതിനു നാം ദൈവത്തോടു നന്ദിയുള്ളവരാണ്.

നമുക്കു നൽകിയിരിക്കുന്ന നിരവധിയായ അനുഗ്രഹങ്ങൾക്ക് ദൈവത്തോടു എങ്ങനെ നന്ദി പ്രകാശിപ്പിക്കും എന്നു ഒരുവൻ ചോദിച്ചേക്കാം. ഇതെങ്ങനെ എന്നു പറഞ്ഞു തന്നിരിക്കുന്നു: ശുശ്രൂഷ കൃതജ്ഞതാ സൂചകമായ പ്രവർത്തിയാകുന്നു! ദൈവീക ഉദ്ദേശ്യത്തിനും ദൈവ ജനത്തിനും നേർക്കുള്ള നമ്മുടെ ആത്മാർത്ഥമായ ശുശ്രൂഷയാൽ അവനോടുള്ള നന്ദി നാം കരേറ്റുന്നു. ഇത് വിവിധ രീതിയിൽ പ്രകടിപ്പിക്കാം. ട്രാക്റ്റ് വിതരണത്തിലൂടെ ആകാം, ബൈബിൾ പഠനത്തിനു ഭവനം തുറന്നു കൊടുക്കുന്നതിലൂടെ ആകാം, ആശുപത്രിയിൽ കഴിയുന്ന രോഗികളായവരെയോ, മരണാവസ്ഥയിലായിരിക്കുന്നവരെയോ സന്ദർശിക്കുന്നതിലൂടെയാകാം അഥവാ ഒരുവന്റെ ദിവസേനയുള്ള ചുമതലകളെ ഹൃദ്യവും സത്യസന്ധവുമായ രീതിയിൽ നിറവേറ്റുന്നതിലൂടെയും ആകാം. കൃതജ്ഞത ക്രിസ്ത്യാനിയുടെ സ്വഭാവത്തിന്റെ വസ്ത്രമായിത്തീർന്നിരിക്കുന്നു; നന്ദിപ്രകാശനത്തെ വളരെയധികം വിലമതിക്കുകയും വേണം. ദൈവത്തോടു നന്ദിയുള്ളവരായിരിക്കുമ്പോൾ തന്നെ നമ്മുടെ സ്വഭാവം സാരമായി അഭിവൃദ്ധിപ്പെടും. ബുദ്ധിമുട്ടുള്ള സന്ദർഭങ്ങളിൽ നമ്മുടെ കാഴ്ച്ചപ്പാടുകൾ ഭേദപ്പെടുവാൻ സഹായിക്കുന്നു. നാം പരാതിപ്പെടു

വാനുള്ള സാധ്യതകൾ കുറയുകയും മറ്റുള്ളവരെ കഷ്ടങ്ങളിൽ സഹായിക്കുവാൻ മനസ്സുള്ളവരാകുകയും ചെയ്യുന്നു. നാം നമ്മുടെ ആവശ്യങ്ങളെ കരുതുന്നതു കുറയുകയും മറ്റുള്ളവരുടെ ആവശ്യങ്ങളെക്കുറിച്ച് കൂടുതൽ വിചാരപ്പെടുകയും ചെയ്യും. ക്രിസ്തുവിൽ പ്രിയ വിശ്വസ്തരായ ഏവരുമേ, ഇതു നമുക്ക് നന്ദിയർപ്പിക്കുവാനുള്ള സന്ദർഭമാണ്. ഇത്തരം അളക്കാനാവാത്ത അനുഗ്രഹങ്ങൾക്ക് ദൈവത്തിനു സ്തുതിയും സ്തോത്രവും അർപ്പിക്കുവാൻ ഒരു പ്രത്യേക ദിവസം മാത്രമേ നാം നീക്കിവയ്ക്കേണ്ടതുള്ളോ? പോരാ. അവൻ നമുക്കു നൽകിയിരിക്കുന്ന പലമടങ്ങായ അനുഗ്രഹങ്ങൾക്ക് ദിനംപ്രതി നാം അവനു നമ്മുടെ ഹൃദയങ്കമമായ നന്ദിയർപ്പിക്കുന്നു. നാം വെറും പരദേശികളും അന്യരും ആയിരിക്കുന്ന ഈ ദേശത്തും നമുക്കു വഴിയൊരുക്കി അറിവിലും കൃപയിലും വളരുവാനും, സത്യത്തിന്റെ ഉദ്ദേശ്യത്തെ അഭിവൃദ്ധിപ്പെടുത്തുവാനുമായി വിലമതിക്കുവാനാകാത്ത അനുഗ്രഹങ്ങളും ആനുകൂല്യങ്ങളും ക്രമീകരിച്ചതിനു ദൈവത്തിനു സ്തോത്രം; നമ്മെ അന്ധകാരത്തിൽ നിന്നും വിടുവിച്ച് വെളിച്ചത്തിന്റെയും സമാധാനത്തിന്റെയും രാജ്യത്തിലാക്കി വെച്ചിരിക്കുന്നതിനാലും തന്റെ രാജ്യത്തിലേക്കു വിളിച്ചതിനാലും ദൈവത്തിനു സ്തോത്രം.


സമയമെടുത്ത് ചിന്തിച്ചു നോക്കൂ! നമ്മുടെ സ്വാഭാവിക കാഴ്ചശക്തിക്കും മറഞ്ഞ് അനുഗ്രഹസമൃദ്ധിയുടെ പ്രതീകമായ കൊമ്പിരിക്കുന്നു. ആകയാൽ സാധാരണ മനുഷ്യനു അവയെ ദർശിക്കുവാനാകില്ല. ചിലപ്പോൾ അത് അവനു യാതൊരു മൂല്യവുമില്ലാത്ത സമൃദ്ധിയുടെ കൊമ്പായിരിക്കാം. എന്നാൽ വിശ്വാസത്തിന്റെ കണ്ണുകൾ അതിനെ വ്യക്തമായി മനസ്സിലാക്കുകയും, ഇവയുടെ ദാതാവായ ദൈവത്തിനു നന്ദിയർപ്പിക്കുവാൻ അവരുടെ വിശ്വാസഹൃദയങ്ങൾ ചലിക്കുകയും ചെയ്യുന്നു. അങ്ങനെ നമ്മുടെ പ്രാർത്ഥനയിൽ ദൈവത്തോടു സ്തോത്രം എന്നു പറയുമ്പോൾ അവൻ നൽകിത്തന്ന എണ്ണിക്കൂടാനാകാത്ത അനുഗ്രഹങ്ങളെ മനസ്സിൽ കണക്കാക്കുക: "ദൈവമേ, നിന്റെ വിചാരങ്ങൾ എനിക്കു എത്ര ഘനമായവ! അവയുടെ ആകെത്തുകയും എത്ര വലിയതു! അവയെ എണ്ണിയാൽ മണലിനേക്കാൾ അധികം; ഞാൻ ഉണരുമ്പോൾ ഇനിയും ഞാൻ നിന്റെ അടുക്കൽ ഇരിക്കുന്നു (സങ്കീ. 139:17,18).

വെളിച്ചത്തിന്റെ മക്കളും, നമ്മുടെ രക്ഷകനും രാജാവുമായ ക്രിസ്തുവിന്റെ പ്രജകളും (1 തിമൊ. 6:15) എന്ന നിലയിൽ, നാം ദിനംതോറും വർഷം തോറും ദൈവത്തിന്റെ മുഖപ്രസാദത്തിന്റെയും തന്റെ വചനത്തിന്റെയും വെളിച്ചത്തിൻ അറിവിൽ നിന്നും അറിവിലേക്കും കൃപയിൽ നിന്നു കൃപയിലേക്കും നടന്നുകൊണ്ടിരിക്കുന്നു. സഭയ്ക്കും ലോകത്തിനുമുള്ള രക്ഷയെക്കുറിച്ചുള്ള തന്റെ മഹാപദ്ധതിയെക്കുറിച്ച് നാം കൂടുതൽ മനസ്സിലാക്കിയിരിക്കയാൽ പണ്ടത്തെ അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും തെറ്റുകൾ സത്യത്താലും നിർമ്മലമായ ദൈവവചനത്തിലുള്ള ബുദ്ധിപരമായ വിശ്വാസത്താലും മാറ്റപ്പെട്ടിരിക്കുന്നു. ദിവസേന, ദൈവവചനത്തിന്റെ സത്യത്താൽ നാം കൂടുതൽ കൂടുതൽ പ്രകാശിതരാകുമ്പോൾ നമ്മുടെ രാജാവിനു കീഴ്പ്പെടാൻ നമ്മെത്തന്നെ പൂർണ്ണമായി കൊണ്ടുവരുവാൻ നമ്മൾ ശ്രമിക്കുന്നു. അതിനനുസരണമായി, അന്ധകാര ശക്തിയിൽ നിന്നും വിടുവിക്കപ്പെട്ട നാം ജീവിതത്തിൽ പൂർണ്ണമായ കൃതജ്ഞതയോടെ ദൈവീക സാദൃശ്യത്തിനു അനുസൃതമായി കൂടുതൽ കൂടുതൽ വളരുന്നു.

ആത്മീയമായി, ദൈവീക കൃപയുടെ അനുഗ്രഹങ്ങളാകുന്ന വിരുന്നു നാം കഴിച്ചിരിക്കുന്നു. കഴിഞ്ഞ കാലത്തിലെ കൃപകൾക്കായി ഹൃദയപൂർവ്വം "ദൈവത്തിനു സ്തോത്രയാഗം അർപ്പിക്കുകയാണ്" ഏറ്റവും അധികമായി നമുക്കു ചെയ്യാനാകുന്നത് (സങ്കീ. 50:14). നമ്മുടെ അധരങ്ങളാലുള്ള സ്തുതികൾ മാത്രമല്ല, പൂർണ്ണമായും പ്രതിഷ്ഠിച്ച, സമർപ്പണം ചെയ്ത ജീവിതങ്ങളുടെ സൗരഭ്യവാസന തിരികെ കൊടുത്തുകൊണ്ടു ദൈവത്തിനു നാം സ്തുതി അർപ്പിക്കണം. ക്രിസ്തുവിന്റെ വാത്സല്യപാത്രങ്ങളായ പ്രിയപ്പെട്ട ശിക്ഷ്യന്മാരേ, ദൈവത്തോടുള്ള നമ്മുടെ സമർപ്പണത്തെ നമുക്കു പുതുക്കാം. നമ്മിൽ ചിലർ വർഷങ്ങൾക്കു മുൻപ്, ഒരിക്കലായി ഭരമേൽപ്പിച്ചിരിക്കുന്ന (റോമ. 12:1) നമ്മുടെ സമർപ്പണത്തെ (നമ്മുടെ ജീവിത പ്രതിഷ്ഠയെ) അസാധുവാക്കണമെന്നല്ല, മറിച്ച് ആ ഉടമ്പടിയെ ഉറപ്പിക്കുന്നതിനും അതിനു കൂടുതൽ പ്രാധാന്യം നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടെയുമാണ് ഞങ്ങൾ ഇതു പറയുന്നത്. നാം ഇപ്പോഴും പൂർണ്ണമായും ദൈവത്തിന്റേതാണെന്നും, നാം പൂർണ്ണ ഹൃദയത്തോടും, ആത്മാവോടും ശക്തിയോടും ഇപ്പോഴും സ്നേഹിക്കുന്നുവെന്നും, മരണം എപ്പോൾ വന്നാലും അതായത് മരണപര്യന്തം തന്നെ വിശ്വസ്തതയോടെ സേവിക്കുന്നത് തുടരും എന്ന ദൃഢനിശ്ചയവും നമുക്കുണ്ട് എന്ന് നമ്മുടെ സ്വർഗ്ഗീയ പിതാവിനു ഉറപ്പു നൽകാം. അത്യുന്നതനോടുള്ള നമ്മുടെ പൂർണ്ണ സമർപ്പണത്തിന്റെ നേർച്ചയെ ദിനംപ്രതി നിറവേറ്റുവാൻ അതീവശ്രദ്ധയിലും ശുഷ്കാന്തിയിലും നമുക്കു തുടരാം. ദാനി. 4:37 ൽ നൽകപ്പെട്ടിരിക്കുന്ന ചിന്തയെ നമുക്കു വീണ്ടും പിൻതുടരാം, "ഇപ്പോൾ നെബുഖദ്നേസർ എന്ന ഞാൻ സ്വർഗ്ഗസ്ഥനായ രാജാവിനെ സ്തുതിച്ചു പുകഴ്ത്തി ബഹുമാനിക്കുന്നു;

അവന്റെ പ്രവർത്തികളൊക്കെയും സത്യവും അവന്റെ വഴികൾ ന്യായവും ആകുന്നു..." ഈ വാക്കുകളിൽ നമുക്കു നന്ദിപ്രകാശനം ദർശിക്കുവാനാകുന്നുണ്ടോ?

കഴിഞ്ഞ കാലങ്ങളിലെ നമ്മുടെ ഏറ്റവും മികച്ച പരിശ്രമങ്ങളുടെ അപൂർണ്ണതകളെ ദുഃഖത്തോടെ പിൻതിരിഞ്ഞു നോക്കുമ്പോഴും, പിന്നീട് നമ്മുടെ മുമ്പോട്ടുള്ള ഗതിയെ തടഞ്ഞേക്കാവുന്ന സിംഹതുല്യമായ പ്രയാസങ്ങളെ മുന്നോട്ടു നോക്കി കാണുമ്പോഴും, നമുക്ക് ആവശ്യമുള്ള ഏതു സമയത്തും ദൈവകൃപ നമ്മുടെ സഹായത്തിനായി ഉണ്ടാകും എന്ന ശ്രേഷ്ഠമായ വാഗ്ദത്തം കൊണ്ടു നമ്മുടെ ധൈര്യത്തെ നമുക്കു വർദ്ധിപ്പിക്കാനാകുന്നു (എബ്രാ. 4:16). "പലരും അങ്ങോട്ടും ഇങ്ങോട്ടും ഓടുകയും, ജ്ഞാനം വർദ്ധിക്കുകയും ചെയ്യുന്ന" "അന്ത്യകാലത്താണ്" നാം ഇപ്പോൾ ജീവിക്കുന്നത്; 1914 ൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതു മുതൽ നാം ആ കാലത്തിലാണ്. "ആ ദിവസം ക്രോധദിവസം, കഷ്ടവും സങ്കടവും ഉള്ള ദിവസം, ശൂന്യതയും നാശവും ഉള്ള ദിവസം, ഇരുട്ടും അന്ധകാരവും ഉള്ള ദിവസം മേഘവും മൂടലും ഉള്ള ദിവസം" (സെഫ. 1:15). സ്വാർത്ഥതയിൽ അടിസ്ഥാനപ്പെട്ട മനുഷ്യരുടെ ഇടയിലെ ഇപ്പോഴത്തെ വ്യവസ്ഥിതി മഹാകഷ്ടകാലത്തോടുകൂടെ അവസാനിക്കേണ്ടതാണ് (ഉദാ. ദാനി. 12:1,4; മത്താ. 24:21). മനുഷ്യസമൂഹത്തിന്റെ അവസ്ഥ ആഴത്തിലേക്കു കൂപ്പുകുത്തിയിരിക്കുന്നു. അധഃപതനം കൂടുതൽ തീവ്രമായിരിക്കുന്നു. അതിലൂടെ എല്ലായിടത്തും "അന്ത്യനാളുകളെ" കുറിച്ചുള്ള പ്രവചനങ്ങളുടെ സാക്ഷാത്ക്കാരം നാം ദർശിക്കുന്നു (ഉദാ. 1 തിമൊ. 4:1,2; യെഹെ. 7:19).




ഈ കാലത്തിൽ, അധഃപതിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ ജീവിക്കുമ്പോൾ, ദൈവത്തിന്റെ പൂർണ്ണ സമർപ്പിതനായ പൈതലിനു യഹോവയോടു നന്ദിയുള്ളവനായിരിക്കുവാനും നന്ദികരേറ്റുവാനും ധാരാളം കാരണങ്ങളുണ്ട്! ഈ കഷ്ടകാലത്തിന്റെ ആവശ്യകതയും ഉദ്ദേശ്യവും വിശദീകരിച്ചുകൊണ്ടുള്ള ദൈവവചനം, നീതീകരിക്കപ്പെട്ട് സമർപ്പണം ചെയ്ത വിശ്വാസികൾക്കുണ്ട്. കൂടാതെ മത്താ. 24:21 ൽ ഉദ്ധരിച്ചിരിക്കുന്ന വാഗ്ദത്തത്തെയും നാം മനസ്സിലാക്കുന്നു. ഈ അറിവുകൊണ്ട് യൂദാ. 17-19 വരെയുള്ള വചനങ്ങളെ നമുക്കു അവലംബമാക്കാം, "നിങ്ങളോ, പ്രിയരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ മുൻപറഞ്ഞ വാക്കുകളെ ഓർപ്പിൻ. അന്ത്യകാലത്ത് ഭക്തികെട്ട മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ ഉണ്ടാകും എന്നു അവർ നിങ്ങളോടു പറഞ്ഞുവല്ലോ. അവർ ഭിന്നത ഉണ്ടാക്കുന്നവർ, പ്രാകൃതന്മാർ, ആത്മാവില്ലാത്തവർ". യഹോവയെ അറിഞ്ഞിട്ടില്ലാത്ത, തന്റെ ഏകജാതനായ പുത്രൻ നൽകിയ മറുവിലയെ മനസിലാക്കാത്ത (1 തിമൊ. 2:4-6) ഭയചകിതരായി ഓരോ ദിവസവും കഴിച്ചുകൂട്ടുന്ന ലോക ജനാവലി യേശുവിന്റെ കരങ്ങളിൽ ആശ്വാസം കണ്ടെത്തുന്നവർക്കു നേരെ സ്പർദ്ധ നിറഞ്ഞവരാകുന്നു. അക്രൈസ്തവർ ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾക്കു നേരെ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു!

ആശ്വാസവും നന്ദിപ്രകാശനവും നൽകുന്ന തിരുവെഴുത്തുകളെ യഹോവ ക്രൈസ്തവ വിശ്വാസികൾക്കു നൽകിയിരിക്കുന്നു" "ദൈവത്തോടു അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോട് അടുത്തു വരും. പാപികളേ കൈകളെ വെടിപ്പാക്കുവിൻ; ഇരു മനസ്സുള്ളവരേ, ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ" (യാക്കൊ. 4:8); "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്താ. 11:28); "എന്റെ വായിൽ നിന്നു പുറപ്പെടുന്ന എന്റെ വചനം അങ്ങനെ ആയിരിക്കും; അതു വെറുതെ എന്റെ അടുക്കലേക്കു മടങ്ങി വരാതെ എനിക്ക് ഇഷ്ടമുള്ളതു നിവർത്തിക്കുകയും ഞാൻ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യും" (യെശ. 55:11). ഈ വചനങ്ങൾ നൽകിത്തന്നിരിക്കുന്നതിനാൽ നാം എത്ര നന്ദിയുള്ളവരാണ്. തന്റെ മഹാസൃഷ്ടിയായ മനുഷ്യനെക്കുറിച്ച് ഒരു പദ്ധതിയുണ്ട് എന്നുള്ളതാണ് ക്രൈസ്തവ വിശ്വാസികൾക്കുള്ള യഹോവയുടെ ഉറപ്പ്.

ഈ കാലത്ത് ഈ നിമിഷത്തിൽ നമ്മെ അനുഗ്രഹീതരായി നാം കാണുന്നുണ്ടോ? ഹാ, നമ്മുടെ തീൻമേശയിലെ ഭക്ഷണത്തെക്കാളും, കീശയിലെ പണത്തെക്കാളും വലുത് ദൈവം തന്റെ ജനത്തിനു നൽകുന്ന അനുഗ്രഹങ്ങളാണ്. കാരുണ്യത്തിലും, അതിരറ്റ ദാനശീലത്താലും, സ്വർഗ്ഗീയ പിതാവ് തന്റെ സ്നേഹത്തെ നമ്മുടെ മേൽ ചൊരിഞ്ഞിരിക്കുന്നു. നാം ക്രിസ്തുവിനുള്ളവരാണെങ്കിൽ സകലവും നമ്മുടേതാണ്. "സുവിശേ

ഷത്തിന്റെ പ്രത്യാശയിൽ നിന്നു നിങ്ങൾ ഇളകാതെ അടിസ്ഥാനപ്പെട്ടവരും സ്ഥിരതയുള്ളവരുമായി വിശ്വാസത്തിൽ നിലനിന്നുകൊണ്ടാൽ" "നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്താൻ" അവനു കഴിയും (കൊലൊ. 1:22,23).




സത്യം അറിയുകയും അതിനെ മനസ്സിലാക്കുകയും ചെയ്യുന്ന പൂർണ്ണ സമർപ്പിതരായ ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം പ്രത്യേകമായി അനുഗ്രഹിക്കപ്പെട്ടവരാണ്. ഒന്നാമതായി, നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നും വിളിച്ചിരിക്കുന്നു. രണ്ട്, നമ്മെ തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെച്ചിരിക്കുന്നു. മൂന്ന്, ക്രിസ്തുവിന്റെ രാജ്യത്തിലെ സന്തോഷങ്ങളിൽ പങ്കാളികളാകുവാൻ നമ്മെ യോഗ്യരാക്കിത്തീർത്തിരിക്കുന്നു. അന്യരും പരദേശികളും, തീർത്ഥാടകരും, അപരിചിതരും എന്ന നിലയിൽ ഏറ്റവും പ്രകാശിതരായി, ഭൂമിയിലെ സംസ്കാരസമ്പന്നമായ ഇടങ്ങളിൽ പാർക്കുമ്പോൾ താത്ക്കാലികമായ അനേകം സമൃദ്ധിയാൽ നാം അനുഗ്രഹീതരാണ്.

ദൈവത്തിന്റെ കരുതലുകൾ അത്തരം മനോഹരമായ ഇടങ്ങളിലൂടെ നമ്മിൽ പതിച്ചിരിക്കുന്നതിനാലും അവിടുത്തെ പരിഷ്കൃതമായ ആശയങ്ങൾ കഴിഞ്ഞ യുഗങ്ങളിലെ നിബിഡമായ അന്ധകാരത്തെ ചിതറിച്ചു കളയുന്നതിനാലും, അങ്ങനെ ആത്മീയ പ്രകാശത്തിന്റെ ഇടയിൽ ജീവിക്കുവാൻ നമ്മെ അനുവദിച്ചിരിക്കുന്നതിനാലും നാം ദൈവത്തോടു നന്ദിപറയുവാൻ മറക്കരുത്. സ്വാതന്ത്ര്യത്തിനും, സത്യത്തിനും, സാന്മാർഗ്ഗികതക്കും, സമാധാനത്തിനും, സമൃദ്ധിക്കും നേരെയുള്ള മുന്നേറ്റത്തിലേക്ക് നമ്മുടെ സഹമനുഷ്യരുടെ പുരോഗമനത്തിനു മാന്ദ്യം വരുത്തിയ അന്ധവിശ്വാസങ്ങളിൽ നിന്നും മോചിക്കപ്പെടുന്നത് എന്തൊരു അനുഗ്രഹമാണ്; കൂടാതെ പുരോഗമന ആശയങ്ങൾ, പൊതുവിദ്യാഭ്യാസം, വ്യക്തിഗത സ്വാതന്ത്ര്യം, സമാധാനം നിറഞ്ഞ ഭവനത്തിന്റെയും കുടുംബജീവിതത്തിന്റെയും ഗുണങ്ങൾ, സുഖപ്രദമായ വാസസ്ഥലങ്ങൾ, വെടിപ്പും സൗകര്യപ്രദവുമായ ഉപകരണങ്ങൾ, ചികിത്സാ വൈദഗ്ദ്ധ്യം, വാണിജ്യ സംരംഭം, മത സ്വതന്ത്ര്യം തുറന്ന ബൈബിൾ എന്നിവയിൽ നിന്നുണ്ടാകുന്ന നേട്ടങ്ങളും അനുഗ്രഹങ്ങളാണ്. കണക്കു കൂട്ടുവാനാകാത്ത എത്ര മഹത്തായ അനുഗ്രഹങ്ങളാണിവ! എന്നിട്ടും ഇപ്പോഴത്തെ ലോകജനസംഖ്യയിലെ ഒരു ന്യൂനപക്ഷമായ നമുക്കു മാത്രമെ അവ അനുഭവിക്കുവാൻ കഴിയുന്നുള്ളൂ. ദൈവത്തിന്റെ പൂർണ്ണമായ സ്നേഹപ്രവാഹത്തിന്റെ ബഹുമാനാർത്ഥം ക്രിസ്ത്യാനി ഓരോ ദിവസവും ജീവിക്കുന്നു.

അക്രൈസ്തവർ കൽപ്രതിമകളോടു പ്രാർത്ഥനകൾ അർപ്പിക്കുകയും അഥവാ മുഹമ്മദിന്റെ ജനനത്തിന്റെയും ആദ്യവെളിപ്പെടലിന്റെയും സ്ഥാനമായ മക്കയിലേക്ക് ദിവസങ്ങളോളം യാത്ര ചെയ്യുകയും മരണമടഞ്ഞ ഒരു നേതാവിനു വഴിപാടുകൾ അർപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ സമർപ്പിത പൈതൽ അങ്ങനെയല്ല! തന്റെ ജീവിതത്തിലെ ഓരോ ദിവസവും ദൈവരാജ്യത്തിൽ തനിക്കു ജീവൻ നൽകും എന്ന പ്രത്യാശയിൽ സന്തോഷത്തോടും ആനന്ദത്തോടും കൂടെ തന്റെ രക്ഷയ്ക്കു വേണ്ടി പ്രവർത്തിക്കുന്നതിനുള്ള അവകാശത്തെ ഒരു ക്രിസ്ത്യാനി തിരിച്ചറിയുന്നു. ഈ അവകാശം വർദ്ധിക്കേണ്ടതിന് ജീവിക്കുന്നവനായ ക്രിസ്തുവിനോടു പ്രാർത്ഥിക്കുവാൻ ക്രിസ്ത്യാനിക്കു അവകാശം നൽകിയിരിക്കുന്നു!

താത്ക്കാലികമായ അനുഗ്രഹങ്ങളെ നമുക്കു അധികമധികമായി വിലമതിക്കുകയും അതു ദൈവത്തിനു കൂടുതൽ ബഹുമാനം നൽകുന്നതിനായി ഉപയോഗിക്കുകയും ചെയ്യാം. അന്ധകാരത്തിന്റെയും, അജ്ഞതയുടെയും, അന്ധവിശ്വാസത്തിന്റെയും മറശ്ശീലയെ നമ്മുടെ സ്വന്തം പരിശ്രമം കൊണ്ട് ലോകത്തിൽ നിന്നും നീക്കുവാനുള്ള നമ്മുടെ കഴിവില്ലായ്മയെ തിരിച്ചറിയുന്നതോടൊപ്പം വെളിച്ചത്തിന്റെയും സമാധാനത്തിന്റെയും, വിഷാദിച്ചിരിക്കുന്നവരിൽ യഥാസമയം പ്രകാശിക്കുന്ന നീതിയിൻ സൂര്യന്റെയും വരുവാനിരിക്കുന്ന രാജ്യത്തിൽ നമുക്ക് ആനന്ദിക്കാം. ഇപ്പോൾ നമുക്കുള്ള അനുകൂല അവസരം ദൈവം വ്യക്തികളെ ബഹുമാനിക്കുന്നവനല്ലായ്കയാൽ നമ്മുടെ കഴിവുകൊണ്ടല്ല മറിച്ച് ഭൂമിയിലെ സകല വംശങ്ങളെയും അനുഗ്രഹിക്കുന്നതിനുള്ള മഹാവേലയിൽ പങ്കുകൊള്ളുവാൻ നമ്മെ ഒരുക്കിയിരിക്കുന്നതിനാലാണ് എന്നു നാം അധികമധികമായി മനസിലാക്കണം. ലോകമാകുന്ന മരുഭൂമിയിൽ മരുപ്പച്ചയായ ഏദൻ ആദാമിനും ഹൗവ്വക്കും യോജിച്ച സ്ഥലമായി ഒരുക്കിയതുപോലെ, ഏദൻതന്നെ അല്ലെങ്കിലും സംസ്കാരമുള്ള ജീവിതം നയിക്കുവാൻ കഴിയുന്ന പൊതുവായ ജ്ഞാനത്തെ നന്മയ്ക്കോ തിന്മയ്ക്കോ വേണ്ടി ഉപയോഗിക്കുവാൻ കഴിയുന്ന ചില സ്ഥലങ്ങളും സാഹചര്യങ്ങളും തന്റെ പ്രത്യേക ജനത്തിന്റെ വികാസത്തിനായും ശിക്ഷണത്തിനായും ഒരുക്കിയിരിക്കുന്നു.

രാജ്യത്തിന്റെ സുവിശേഷത്തെ എപ്പോഴും ഹൃദയത്തിൽ സൂക്ഷിച്ച്, നമ്മുടെ കർത്താവും രക്ഷിതാവുമായ


യേശുക്രിസ്തുവിനാൽ പ്രാപ്തമാക്കിത്തന്ന ദൈവത്തിന്റെ സൗജന്യ രക്ഷയെന്ന അമൂല്യമായ ദാനത്തിൽ ആനന്ദിച്ചുകൊണ്ടും, സകലരും ഈ നന്ദി പ്രകാശനത്തിന്റെ നാളുകളിൽ സമൃദ്ധമായി അനുഗ്രഹിക്കപ്പെടുന്നു! “അവൻ [ദൈവം] അരുളിച്ചെയ്യുന്നു; അങ്ങനെ സംഭവിച്ചു; അവൻ കൽപ്പിച്ചു; അങ്ങനെ സ്ഥാപിതമായി” (സങ്കീ. 33:9).

# യേശുവിന്റെ ആത്മാവ് നിങ്ങൾക്ക് ഉണ്ടോ?

## DO YOU HAVE THE JESUS' SPIRIT?

**“ആരും തിന്മെക്കു പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ; തമ്മിലും എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊണ്ടിരിപ്പിൻ” (1 തെസ്സ. 5:15).**

നമ്മുടെ കർത്താവിനും തന്റെ കൂട്ടാളികൾക്കും താമസസ്ഥലം ഒരുക്കുവാൻ ശമര്യർ വിസമ്മതിച്ചപ്പോൾ അപ്പൊസ്തലനായ യാക്കോബും യോഹന്നാനും യജമാനനോടുള്ള സ്നേഹാർദ്രമായ തീക്ഷ്ണതയാൽ ഇങ്ങനെ പറഞ്ഞു: “കർത്താവേ, ആകാശത്തുനിന്നു തീ ഇറങ്ങി അവരെ നശിപ്പിപ്പാൻ ഞങ്ങൾ പറയുന്നതു നിനക്കു സമ്മതമോ”? എന്നാൽ അവരെ ശാസിച്ചുകൊണ്ട് യേശു പറഞ്ഞു, “നിങ്ങൾ ഏത് ആത്മാവിനു അധീനർ എന്നു നിങ്ങൾ അറിയുന്നില്ല; മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിപ്പാൻ അല്ല രക്ഷിപ്പാനത്രെ വന്നത്” (ലൂക്കൊ. 9:54-56).




“യഹോവയുടെ പർവ്വതത്തിൽ ആർ കയറും? അവന്റെ വിശുദ്ധ സ്ഥലത്ത് ആർ നിൽക്കും? വെടിപ്പുള്ള കൈയ്യും നിർമ്മല ഹൃദയവും ഉള്ളവൻ. വ്യാജത്തിനു മനസ്സു വയ്ക്കാതെയും കള്ളസത്യം ചെയ്യാതെയും ഇരിക്കുന്നവൻ”.

കഴിഞ്ഞ കാലത്തിലേതു പോലെ നമ്മുടെ കർത്താവിന്റെ ഇന്നത്തെ അനുയായികളുടെയും വഴികാട്ടി ആയിരിക്കും ഈ വാക്കുകൾ. നാം കർത്താവിന്റെ ദാസന്മാരും പ്രതിനിധികളും ആയതിനാൽ നമ്മെക്കുറിച്ച് എല്ലാ തിന്മയും കളവായി പറയുന്നവരോടു നാം തിന്മയ്ക്കു പകരം തിന്മ ചെയ്യാതെയും, ദോഷത്തിനു പകരം ദോഷം പ്രവർത്തിക്കാതെയും, ദയയോടും, സ്നേഹത്തോടും, ഉദാരതയോടും കൂടെ സംസാരിക്കേണ്ടതുമാണ്. നമ്മുടെ സ്ഥാനം കൂടുതൽ വിശിഷ്ടമേറിയതാകുന്തോറും അവരുടെ ആക്രമണങ്ങൾ കൂടുതൽ ശത്രുതാപരമായിരിക്കും. എന്നാൽ അവർ വഞ്ചിക്കപ്പെട്ടവരാണെന്നും, ആക്രമണങ്ങൾ യഥാർത്ഥത്തിൽ സാത്താനിൽ നിന്നും വരുന്നതാണെന്നും നാം ഓർമ്മിക്കുകയാണെങ്കിൽ അവരോടു പകയും വെറുപ്പും തോന്നുന്നതിനു പകരം ദയയും അനുകമ്പയും തോന്നിക്കുവാൻ സഹായിക്കും.

“നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു” എന്നത് എന്നത്തെയും പോലെ ഇക്കാലത്തും ശരിതന്നെ. “നാം വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവനോടു എതിർത്തു നിൽപ്പിൻ” (1 പത്രൊ. 5:8,9) എന്നതും എന്നത്തെയും പോലെ ഇക്കാലത്തും ആവശ്യമാണ്. മുൻ കാലങ്ങളിൽ കാലാകാലങ്ങളായി സത്യത്തെയും അതിൽ വിശ്വസ്തരായിരിക്കാൻ ശ്രമിച്ച എല്ലാവരെയും അവൻ ആക്രമിച്ചിട്ടുണ്ടെങ്കിൽ ഇന്ന് അവനതിൽ ശ്രദ്ധക്കുറവും ഉത്സാഹക്കുറവും ഉണ്ടാകുന്നു എന്നു സങ്കൽപ്പിക്കുവാൻ നമുക്കെന്തെങ്കിലും കാരണമുണ്ടോ? എന്നാൽ നീതിക്കും സത്യത്തിനും നേരെയുള്ള പോരാട്ടത്തിന്റെ വീര്യം വർദ്ധിച്ചു വരുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. ചെറിയ ആട്ടിൻകൂട്ടത്തിന്റെയും മഹാപുരുഷാരത്തിന്റെയും മേൽ വിജയം കൈവരിക്കുന്നതിൽ പരാജയപ്പെട്ടിരിക്കയാൽ സാത്താൻ പുതുക്കിയ വീര്യത്തോടെ പതിയിരുന്നു ആത്മോത്‌പാദനം ഇല്ലാത്ത സമർപ്പിതരെ; പ്രഥമമായി, യുവവീരന്മാരെയും എപ്പിഫനി പാളയ സമർപ്പിതരെയും, വിശാലമായ അർത്ഥത്തിൽ അവരിൽ ഇന്നുള്ള എപ്പിഫനി കാലഘട്ടത്തിലെ എപ്പിഫനി സത്യത്തിലുള്ളവരെ ആക്രമണത്തിനിരയാക്കും എന്നു നാം പ്രതീക്ഷിച്ചിരിക്കണം. ബാസ്‌ലിയ കാലഘട്ടത്തിന്റെ ആദ്യ കയറിക്കവിച്ചിലിന്റെ കാലയളവു കൂടിയാണിത്. ഈ ഗണങ്ങൾ മുഖേനയുള്ള നമ്മുടെ കർത്താവിന്റെ ഉദ്ദേശ്യത്തിന്റെയും പദ്ധതികളുടെയും സാഫല്യത്തെ പരാജയപ്പെടുത്തുവാൻ അവൻ ആശി

ക്കുന്നു. വിശ്വസ്തരും ധൈര്യശാലികളും ആയിട്ടുള്ളവർക്കു മാത്രമെ ഈ ദുർദ്ദിവസത്തിലെ പരിശോധനകളെ എതിർത്തു നിൽക്കുവാൻ സാധിക്കുകയുള്ളു എന്നതു സത്യം തന്നെ (എഫെ. 6:11-18).

നമുക്കുള്ളവൻ നമുക്കെതിരായുള്ളവനെക്കാൾ വലിയവനാണെന്ന നമ്മുടെ കർത്താവിന്റെ കാരുണ്യമാർന്ന വാഗ്ദത്തത്തിൽ തുടർന്നു പ്രത്യാശിച്ചാൽ നാം ഒരിക്കലും നിരുത്സാഹപ്പെടുകയില്ല (1 യോഹ. 4:4). "യഹോവയുടെ പർവ്വതത്തിൽ ആർ കയറും? അവന്റെ വിശുദ്ധ സ്ഥലത്ത് ആർ നിൽക്കും? വെടിപ്പുള്ള കൈയ്യും നിർമ്മല ഹൃദയവും ഉള്ളവൻ. വിഗ്രഹങ്ങൾക്കു നേരെ തന്റെ ആത്മാവിനെ ഉയർത്താതെയും, കള്ള സത്യം ചെയ്യാതെയും ഇരിക്കുന്നവൻ" (സങ്കീ. 24:34 NKJ). ഒരുവന്റെ ജീവിതം സത്യസന്ധത ഇല്ലാത്തതാണെങ്കിൽ, അവന്റെ പെരുമാറ്റം വെടിപ്പുള്ളതല്ല എങ്കിൽ ദൈവത്തിനും മനുഷ്യനും നേരെയുള്ള കുറ്റകൃത്യങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കുന്ന ഒരു മനഃസാക്ഷി അല്ല അവനുള്ളത് എങ്കിൽ, അവൻ കൃപയുടെ ആത്മാവിനു വിരോധമായി പ്രവർത്തിച്ചുകൊണ്ട് സ്വന്ത ഇഷ്ടത്തെ മരിപ്പിക്കുന്നതിനും ദൈവ ഇഷ്ടത്തെ സ്വീകരിക്കുന്നതിനുമുള്ള അവന്റെ സമർപ്പണ ഉടമ്പടിയെ അവൻ നിന്ദിക്കുകയോ മറക്കുകയോ ചെയ്തു എങ്കിൽ "നന്ന് നല്ലവനും വിശ്വസ്തനും ആയ ദാസനെ" എന്നു യജമാനന്റെ പക്കൽ നിന്നുമുള്ള അനുമോദനം ലഭിക്കുമെന്നു അവൻ പ്രതീക്ഷിക്കരുത്. വളരെ വൈകുന്നതിനു മുൻപു തന്നെ മാനസാന്തരത്തിലും അവന്റെ വഴികളെ നേരെയാക്കുന്നതിലും ആയിരിക്കുന്നു അവന്റെ ഏക പ്രതീക്ഷ.

അപ്പൊസ്തലനായ പൗലൊസ് ധാർഷ്ട്യക്കാരെയും നിഗളികളെയും (2 തിമൊ. 3:1-9) പ്രത്യേകമായി ചൂണ്ടിക്കാണിച്ചുകൊണ്ടും "ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേൽക്കും" (അപ്പൊ. 20:30) എന്നും നമ്മോടു പറഞ്ഞുകൊണ്ട് നമ്മുടെ നാളിലെ "കള്ളസഹോദരന്മാരാലുള്ള ആപത്തിനെ" നമ്മുടെ ശ്രദ്ധയിൽ എത്തിക്കുന്നു. ആകയാൽ ഇത്തരം അനുഭവങ്ങളെ വിചിത്രമെന്നു കരുതാതെ ഈ ഉപദ്രവങ്ങളെ എതിർത്തു നിൽപ്പാൻ ജാഗ്രതയുള്ളവരായിരിക്ക. ഒരിക്കൽ യഥാകാല സത്യത്തിന്റെ വെളിച്ചം ആസ്വദിച്ചവർ പിന്മാറി പോയാൽ, അവർ അനേകം ലൗകീകന്മാരെക്കാളും, സത്യമറിഞ്ഞിട്ടില്ലാത്ത സഹോദരന്മാരെക്കാളും മനുഷ്യത്വത്തിലും ഔചിത്യത്തിലും സത്യസന്ധതയിലും പുരുഷത്വത്തിലും സ്ത്രീത്വത്തിലും അപര്യാപ്തത നേരിട്ടവരായി കാണപ്പെടുന്നു. ലൗകികരായ ശത്രുക്കൾ എന്തു പ്രവർത്തിക്കും, പറയും, ദുരാരോപണം നടത്തും എന്നു ഒരുവനു പല സാഹചര്യങ്ങളിലൂടെയും മനസിലാക്കാൻ സാധിച്ചേക്കാം. അവരുടെ നിരൂപണങ്ങൾക്കും അപ്പുറമായിരിക്കാം അവരുടെ പ്രവർത്തന പരിധികൾ. എന്നാൽ ഒരിക്കൽ പരിശുദ്ധാത്മാവു ഉണ്ടായിരിക്കുകയും പിന്നീടു അതിനെ നഷ്ടപ്പെടുത്തുകയും ചെയ്ത കള്ള സഹോദരന്മാർ എന്തു പ്രവർത്തിക്കുമെന്നോ, പറയുമെന്നോ, അവർ കാര്യങ്ങളെ എത്രമാത്രം വളച്ചൊടിക്കുമെന്നോ, ന്യായരഹിതമായി എത്രമാത്രം അവർ മുതലെടുക്കുമെന്നോ നിർണ്ണയിക്കാനും ആകില്ല. നാം സംഭ്രമിക്കാതെ അത്തരം ആക്രമണങ്ങളെ പ്രതീക്ഷിച്ചുകൊണ്ട് "ദുഷ്ടനു വളരെ വേദനകൾ ഉണ്ട്, യഹോവയിൽ ആശ്രയിക്കുന്നവനെയോ ദയ ചുറ്റിക്കൊള്ളും" എന്നു ഓർമ്മിക്കണം (സങ്കീ. 32:10).




പകവീട്ടലിന്റെയോ പ്രതികാരത്തിന്റെയോ ഒരാത്മാവും നമ്മളിൽ ഉണ്ടായിരിക്കരുത്. നമ്മുടെ ആധാര വാക്യം പറയുന്നതുപോലെ, നാം ആരോടും തിന്മക്കു പകരം തിന്മ ചെയ്യരുത്. നമ്മുടെ ശത്രുക്കളെ സ്നേഹിക്കുവാൻ കർത്താവു നമ്മോടു പറയുന്നു (മത്താ. 5:44). നമ്മുടെ സ്വഭാവം വികാസം പ്രാപിച്ചേക്കാം എന്നതുതന്നെയാണ് ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനം. അപൂർണ്ണ മനസ്സിന്റെ, വിശേഷാൽ വീഴ്ഭവിച്ച മനസ്സിന്റെ – ജഡീക മനസ്സിന്റെ സ്വാഭാവിക പ്രകൃതിയാണ് പകരം വീട്ടൽ എന്നത്. നാം കൂടുതൽ സ്വാർത്ഥരാകുമ്പോൾ, തിന്മക്കു പകരം തിന്മ ചെയ്യുവാനും, ദോഷത്തിനു പകരം ദോഷം പ്രവർത്തിക്കാനും, അടിക്കു പകരം അടി കൊടുക്കുന്നതിനും നാം കൂടുതൽ പ്രവണത കാണിക്കും. നമ്മുടെ ആത്മാവ് ഇതിനു വിപരീതമായിട്ടുള്ളതായിരിക്കണം: "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ: നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായി തീരേണ്ടതിനു തന്നെ". "നിന്നെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവനു മറ്റേതും തിരിച്ചു കാണിക്ക" (മത്താ. 5:39).

എന്നാൽ നമ്മുടെ സ്വർഗ്ഗീയ പിതാവിനു തന്റെ ശത്രുക്കളെ സ്നേഹിക്കാനാകുമോ? ഉവ്വ്. ലോകം ദൈവത്തോടു ശത്രുതയിലായിരുന്നിട്ടും തന്റെ ഏക ജാതനായ പുത്രനെ മരണത്തിനേൽപ്പിക്കുവാൻ തക്കവണ്ണം അവിടുന്ന് ലോകത്തെ സ്നേഹിച്ചു. ലൂസിഫർ തന്റെ തെറ്റായ ഗതിയിലേക്കു തിരിയുന്നതിനു മുൻപ് ദൈവത്തിനു അവനോടു സ്നേഹമുണ്ടായിരുന്നു. എങ്കിലും ദൈവത്തിനു സാത്താനോടു സ്നേഹമുണ്ടെന്നു നാം കരുതരുത്. അവൻ ദുഷ്ടനും ക്രൂരനും ദൈവത്തിന്റെ മഹാ എതിരാളിയുമായി തീർന്നതു മുതൽ ദൈവം അവനെ സ്നേഹിച്ചാൽ അതു തെറ്റാണ്, നാം അവനെ സ്നേഹിക്കുന്നതും തെറ്റാണ്. ലൗകികമായ അവസ്ഥയിൽ പോലും നാം അവനെ സ്നേഹിക്കരുത്. നമുക്ക് ദൈവത്തെയും മാമോനെയും സ്നേഹിക്കുവാൻ ആവില്ല. നാം പാപത്തെ സ്നേഹിക്കുവാൻ പാടില്ല, മറിച്ച് "തീയതിനെ വെറുത്ത് നല്ലതിനോടു പറ്റിക്കൊള്ളണം.". നാം "തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കേണ്ടതാണ്" (റോമ. 12:9,21). നമ്മുടെ കർത്താവിന്റെ ആത്മാവ് തിന്മ നിരൂപിക്കുന്നതിന്റെയോ തിന്മ പറയുന്നതിന്റെയോ ആത്മാവല്ല. "സ്നേഹം ദോഷം കണക്കിടുന്നില്ല" (1 കൊരി. 13:5)

നാം ശത്രുക്കളെ സ്നേഹിക്കുമ്പോൾ, നമുക്ക് അവരെ സഹായിക്കുവാൻ സാധിക്കും വരെ നാം അവരെ സഹായിക്കണം. എന്നാൽ അവർ തെറ്റായ സ്വന്തവഴി പിൻപറ്റുവാൻ ഉറപ്പിച്ചിരിക്കുന്നു എന്നു കാണിക്കുകയും അവരെ നമുക്കു തിരുത്താൻ കഴിയാത്തതായി തോന്നുകയും ചെയ്യുമ്പോൾ നാം അവരെ ദൈവത്തിന്റെ കരങ്ങളിൽ ഏൽപ്പിക്കേണ്ടതാണ്. അവിടുന്ന് അവർക്കു നന്നെന്നു കാണുന്നത് പ്രവർത്തിക്കും. നാം അവരോടു ദോഷം ഒന്നും ചെയ്യുവാൻ പാടില്ല. അവരുടെ വഞ്ചനയിൽ നിന്നും കർത്താവിന്റെ ആടുകളെ സംരക്ഷിക്കുവാനായി അവരുടെ "ദുഷ്ക്കാമപ്രവർത്തികളെ", അവരുടെ തെറ്റുകളെ, നമുക്കു വെളിപ്പെടുത്താം. എങ്കിലും നാം ഒരിക്കലും നീണ്ട കർക്കശമായ വിമർശനത്തിലോ, അനിഷ്ടമായ ദുഷിച്ച സംസാരത്തിലോ ഏർപ്പെടുവാൻ പാടില്ല. അപ്പൊസ്തലൻ സംസാരിക്കുമ്പോൾ ഹുമനയൊസിനെയും, ഫിലെത്തൊസിനെയും, അലക്സാന്തരെയും, എഫെസൊസിലെ സഭയിലെ ദുരുപദേഷ്ടാക്കന്മാരെയും ബന്ധപ്പെടുത്തുന്നതുപോലെ, കർത്താവിന്റെ ആത്മാവിന്റെയും കർത്താവിനോടുള്ള വിശ്വസ്തതയുടെയും സമ്മർദ്ദം മൂലമായിരിക്കണം നാം ഒരുവന്റെ ദോഷത്തെപ്പറ്റി (ജൂലൈ 14, മന്നാ) പറയുകയും, അവന്റെ ഉപദേശത്തിലെ തെറ്റുകളെ കണ്ടെത്തുകയും ചെയ്യുന്നത് (1 തിമൊ. 1:20; 2 തിമൊ. 2:17).


കർത്താവിന്റെ ആത്മാവോടു ചേർന്ന് റസ്സൽ സഹോദരൻ ഇങ്ങനെ പറയുന്നു (R 881) : "നമ്മുടെ സമകാലികരായ എഡിറ്റർമാരുടെ വ്യക്തിപരമായ കാര്യങ്ങളിലോ, സ്വകാര്യ വ്യക്തിത്ത്വത്തിലോ ഇടപെടുവാൻ നമുക്കു യാതൊരു സ്വാതന്ത്ര്യവും ഇല്ല. എങ്കിൽ തന്നെയും, അവരുടെ പരസ്യ ഉപദേശങ്ങളെ വിമർശിക്കുവാനുള്ള പൂർണ്ണ അവകാശം നമുക്കുണ്ട്. അതേ അവകാശം അവർക്കു തിരിച്ചും ഉണ്ട്. നാം അവരെ വ്യക്തിഗതമായി ഒരിക്കലും ഉപദ്രവിക്കുന്നില്ല. എങ്കിലും പകരം അവർക്കു നന്മ ചെയ്യുന്നതിനും, തെറ്റു കണ്ടുപിടിച്ച് അവരുടെ കള്ളന്യായങ്ങളെ ദൈവമക്കൾക്കു കാണിച്ചുകൊടുക്കുന്നതിനും നാം നല്ലവണ്ണം പ്രവർത്തിക്കും.".




ദൈവത്തിന്റെ പ്രിയമക്കൾ എന്ന നിലയിൽ നമ്മുടെ ശത്രുക്കളെ സ്നേഹിക്കുന്നതിൽ നമ്മുടെ കർത്താവിന്റെയും, അപ്പൊസ്തലന്മാരുടെയും, പറൂസ്യ എപ്പിഫനി ദൂതന്മാരുടെയും, മറ്റുള്ളവരുടെയും ഉത്തമമായ മാതൃകയെ പിൻതുടരുവാൻ നമുക്കെല്ലാവർക്കും ആകട്ടെ. വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി ആത്മാർത്ഥമായി പോരാടുമ്പോൾ (യൂദാ. 3) തിന്മയ്ക്കു പകരം തിന്മ ചെയ്യാതിരിക്കുവാൻ നമുക്കു ശ്രദ്ധാലുക്കളാവാം. പാപത്തെയും തെറ്റിനെയും വെറുക്കുകയും ശക്തമായി എതിർക്കുകയും ചെയ്യുമ്പോൾ തന്നെയും പാപിക്കോ തെറ്റുകാരനോ ഹാനിവരുത്തുവാൻ നാം ശ്രമിക്കുകയുമരുത്. നമുക്കും മറ്റുള്ളവർക്കും നന്മയായതിനെ നമുക്കു പിൻതുടരാം.

വേദ വിദ്യാർത്ഥികൾ എന്ന നിലയിൽ നാം വ്യക്തികളെ അല്ല ഉപദേശങ്ങളെ ചർച്ച ചെയ്യുന്നതിനാണ് കൂടുതൽ മുൻഗണന നൽകുന്നത്. എന്നാൽ തെറ്റായ ഉപദേശങ്ങളുള്ള വ്യക്തികളെ കണ്ടെത്തുന്നത് ചെറിയ ആട്ടിൻകൂട്ടത്തിനു താത്പര്യമുണ്ടായിരുന്നതായി കാണുന്നു. ഇതു ചിലർക്കു നിർദയമെന്നു തോന്നിയേക്കാം. എന്നിരുന്നാലും യഹോവ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനിടയിൽ ചെയ്യുവാൻ ആവശ്യപ്പെടുന്ന വേലയുടെ ഭൂരിഭാഗവും കാര്യങ്ങളുടെ ക്രമീകരണവും അരിക്കലും ആണ്. അതെ, ദൈവത്തിനു ആവശ്യമുള്ളത് യോഗ്യരായവരെയാണ്!

അവിടുത്തെ വചനത്തിന്റെ പ്രചാരത്തിനായി പുരോഗമനോന്മുഖമായ ക്രമീകരണങ്ങളെ നമ്മുടെ മഹാവലിയ യഹോവ ഒരുക്കിയിട്ടുണ്ട്. "മാറ്റം" എന്ന വാക്കു കേൾക്കുമ്പോൾ തന്നെ നമ്മുടെ മനസ്സും നാഡീവ്യൂഹവും ജാഗരൂകമാകുന്നത് നമുക്കു മനസിലാകുന്നു! "അത് തകർന്നിട്ടില്ല എങ്കിൽ അതിനെ ശരിയാക്കരുത്" എന്ന ചിന്ത നാം കേൾക്കുന്നു. എന്നിരുന്നാലും കാലം മാറിക്കൊണ്ടിരിക്കയും, ഒരുവൻ ചെയ്യുന്ന അതേ പ്രവൃത്തി തന്നെ തുടർന്നുകൊണ്ടിരിക്കുകയും ആണെങ്കിൽ ഫലം ഒന്നുതന്നെയാണെന്നു പ്രതീക്ഷിക്കണം! സങ്കീ. 119:105 ൽ സൂചിപ്പിക്കുന്നതുപോലെ നമ്മുടെ ക്രിസ്തീയ നടത്തയിൽ നാം പുരോഗതി പ്രാപിക്കുവാൻ കർത്താവ് പ്രത്യാശിക്കുന്നു. അതിനായി സത്യവും അതിന്റെ ക്രമീകരണങ്ങളും മുന്നോട്ടു പുരോഗമിക്കുക തന്നെ വേണം. ദൈവം ഇടപെടുന്ന ഗണത്തിനു ശരിയായ ഉപദേശവും നേതൃത്വവും ലഭ്യമാക്കിയിരിക്കുന്നു. ഈ ആശയം സ്ഥാപിക്കുന്ന വചനം ആണ് സദൃ. 4:18: "നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചം പോലെ; അതു നട്ടുച്ച വരെ അധികമധികം ശോഭിച്ചു വരുന്നു". തെറ്റ് ഉപദേശിക്കുന്നവരെ (അരിക്കലുകാരെ) കൃത്യമായി കണ്ടെത്തുവാനുള്ള ചുമതല പ്രമുഖ ഭൗമീക ഗണമായ എപ്പിഫനി പാളയ സമർപ്പിതരുടെ കൈകളിലും ഹൃദയങ്ങളിലും ഇക്കാലത്ത് ഇരിക്കുന്നു. നമ്മുടെ പ്രഥമ വേല, അഭിവൃദ്ധിപ്പെട്ടു മുന്നേറിവരുന്ന സത്യത്തിന്റെ വെളിച്ചത്തെ നൽകുന്നതും, രണ്ടാമത്തെ വേല നമ്മുടെ സ്ഥാപകന്മാർ മുന്നോട്ടു വെച്ചിരിക്കുന്ന ക്രമീകരണങ്ങളെ നിലനിർത്തുകയെന്നതുമാണെന്നത് നാം മനസ്സിലാക്കണം.




# മൃദുവായ നുകം

## THE EASY YOKE

**"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു" (മത്താ. 11: 28–30).**

കാളകളെ ഒന്നിച്ചു നിർത്തുവാൻ അവയുടെ കഴുത്തിൽ ഇടുന്ന തടികൊണ്ടുള്ള ചട്ടയായ നുകം വിധേയത്വത്തിന്റെയും [അധികാരത്തിന്റെയോ നിയന്ത്രണത്തിന്റെയോ കീഴിൽ വരുത്തപ്പെട്ടവൻ] ദാസ്യത്വത്തിന്റെയും [മറ്റൊരുവനെ അനുസരിക്കേണ്ട അവസ്ഥ] ചിഹ്നമാണ്. ലോകത്തിലുള്ളവരേവരും ഓരോ നുകത്തിൻ കീഴിൽ കിടക്കുന്നു: രാഷ്ട്രീയ നുകങ്ങൾ, സാമ്പത്തികമായ അഥവാ വ്യാവസായികമായ നുകങ്ങൾ, സാമൂഹിക നുകങ്ങൾ, വിശപ്പിന്റെയും ശീലത്തിന്റെയും സ്വാർത്ഥതയുടെയും എല്ലാത്തരം പാപങ്ങളുടെയും നുകത്തിൻ കീഴിൽ തന്നെ.




രാഷ്ട്രീയ നുകത്തിനു കീഴിലുള്ള മനുഷ്യനു ആ നുകം വളരെ കഠിനമായതായി തോന്നുന്നു. അവൻ അധികാരത്തിനു വേണ്ടി ആസൂത്രണം നടത്തിയും, പദ്ധതികൾ അവലംബിച്ചും, പ്രവർത്തിച്ചും കൊണ്ട് പകലും രാത്രിയും തിരക്കിലാണ്. സമ്മതിദായകരുമായുള്ള ചങ്ങാത്തം നേടുന്നതിനും നിലനിർത്തുന്നതിനുമായി അവൻ ലൗകികമായ നയത്തിന്റെ സകല തന്ത്രങ്ങളും ശ്രദ്ധയോടെ പഠിക്കുന്നു. അവൻ ഏറെ സമയവും പണവും ചിന്തയും ചിലവഴിച്ചുകൊണ്ട് അധികാരം നേടുക എന്ന ഈ ബുദ്ധിമുട്ടുള്ള പ്രവൃത്തിയിൽ തന്റെ ഉത്സാഹം കേന്ദ്രീകരിക്കുകയും ചെയ്യുന്നു. അവൻ ആഗ്രഹിക്കുന്ന സ്ഥാനം അവൻ ക്രമേണ നേടി എടുത്താൽ അതു അവനു എല്ലായ്പ്പോഴും ചുമതലകളുടെ ഒരു കൂമ്പാരം

നൽകുകയും അവന്റെ പ്രശസ്തിയെ ഒരു ചെറിയ പ്രകോപനത്തിങ്കൽ പോലും ദുഷിപ്പിക്കുവാൻ തയ്യാറായിരിക്കുന്ന എതിർ പാർട്ടിയുടെയോ, പാർട്ടികളുടെയോ ഒരു കൂട്ടം ശത്രുക്കൾക്ക് അവനെ വിധേയമാക്കുകയും ചെയ്യുന്നു.

സാമ്പത്തികമായ അഥവാ വ്യാവസായികമായ നുകത്തിനു കീഴിലുള്ളവരും സമാനരീതിയിൽ ഞെരുങ്ങി കഴിയുന്നവരാണ്. അവർ ദീർഘകാലത്തോളവും കഠിനമായി അദ്ധ്വാനിക്കുകയും ധനികരായിത്തീരുന്നതിനു പദ്ധതിയിടുകയും ആസൂത്രണം ചെയ്യുകയും, സങ്കൽപിക്കുകയും, ക്ഷുഭിതരാവുകയും, വ്യാകുലപ്പെടുകയും ചെയ്യുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ ഭൗമിക ധനത്തിനു നൽകുവാനാകാത്ത യഥാർത്ഥ സന്തോഷം അവരിൽ നിന്നു കൊള്ളയിടപ്പെടുന്ന കെണിയിലേക്കു അവർ വീഴുന്നു. "ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക. ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായി തീരുകയും ചെയ്യുന്നു" (1 തിമൊ. 6:8-10).

സാമൂഹികമായ നുകത്തിനു കീഴിലുള്ളവരും, സമൂഹം അവരോടു ആവശ്യപ്പെടുന്നവയെ നിറവേറ്റിക്കൊടുക്കുവാൻ വളരെ കഠിനമായി അദ്ധ്വാനിക്കുകയും വളരെ അധികം ത്യാഗം കഴിക്കുകയും ചെയ്യുന്നു. സമ്പന്നർക്ക് പ്രത്യേകിച്ചു മെച്ചപ്പെട്ട സാഹചര്യത്തിനു വേണ്ടി മറ്റുള്ളവരോടു മത്സരിക്കുന്നവർക്ക് ഈ നുകം എത്ര വ്രണപ്പെടുത്തുന്നതാണെന്നു ജീവിതത്തിൽ താഴ്മയോടെ നടക്കുന്നവർക്കറിയാം. ഇത്തരം അസംതൃപ്തിപ്പെടുത്തുന്ന അവസരങ്ങളിൽ സ്ത്രീകൾ പലപ്പോഴും തളരുന്നു. അതേ സമയം ഭർത്താക്കന്മാരും പിതാക്കന്മാരും ഈ സാമ്പത്തിക ചോർച്ചയിലും മുന്നോട്ടു തുടർന്നു പോകുവാൻ ശ്രമിക്കുമ്പോൾ നിരാശയിലേക്കും തകർച്ചയിലേക്കും പോകുന്നു.

വിശപ്പിന്റെയും ശീലത്തിന്റെയും സ്വാർത്ഥതയുടെയും എല്ലാത്തരം പാപങ്ങളുടെയും നുകങ്ങൾ തീർച്ചയായും കട്ടിയായതും, അവയുടെ ചുമടു വളരെ ഭാരമുള്ളതുമാണ്. എല്ലാ നുകങ്ങളെയും കുടഞ്ഞു കളഞ്ഞ് എല്ലാ ചുമടുകളിൽ നിന്നും നമ്മെ സ്വതന്ത്രരാക്കുക എന്നത് ഇന്നത്തെ ദുർദ്ദിവസത്തിൽ അസാധ്യമാണ്.



സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ട് നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു. യഹോവയാം യാഹിൽ ശാശ്വതമായൊരു പാറ ഉള്ളതിനാൽ യഹോവയിൽ എന്നേക്കും ആശ്രയിപ്പിൻ: (യെശയ്യാവു 26:3,4)

ഈ ലോകത്തിന്റെ പ്രഭുവായ സാത്താൻ സകലരുടെയും മേൽ പാപത്തിന്റെ നുകത്തെ വിവിധ രൂപത്തിൽ അടിച്ചേൽപ്പിച്ചിരിക്കുന്നു. മാനസാന്തരത്താലും വിശ്വാസത്താലും തന്നിലേക്കു വരുന്നവരെ മോചിപ്പിക്കുന്ന ക്രിസ്തുവിനല്ലാതെ ഈ നുകത്തിൽ നിന്നും അതിന്റെ ബന്ധനങ്ങളിൽ നിന്നും നമ്മെ മോചിപ്പിക്കുവാൻ ആർക്കും ആവില്ല.

അത്തരത്തിലുള്ള എല്ലാ നുകത്തിന്റെ കീഴിൽ നിന്നും സ്വതന്ത്രരാക്കുകയും എല്ലാ ഭാരങ്ങളിൽ നിന്നും മോചിപ്പിക്കുകയും ചെയ്യുക എന്നത് ആത്യന്തികമായി ക്രിസ്തുവിന്റെ ലക്ഷ്യമാണെങ്കിലും ദൈവപുത്രന്മാരുടെ മഹത്തായ സ്വാതന്ത്ര്യം അഭ്യസിക്കുന്നതിനും ആസ്വദിക്കുന്നതിനും അവർക്കിനിയും കഴിയുന്നില്ലെന്ന് താൻ കാണുന്നു. ആയതിനാൽ അവരെ ആ അവസ്ഥയിൽ എത്തിക്കുന്നതിനു വേണ്ടി അനുസരണത്തിന്റെയും പരിശീലനത്തിന്റെയും ഭാഗമായി ആണ് അവിടുന്ന് ഈ അനുഭവങ്ങൾ അനുവദിക്കുന്നത്. അതുകൊണ്ട്, പാപത്തിന്റെ വ്രണപ്പെടുത്തുന്ന നുകങ്ങളിൽ നിന്നും ഇന്നത്തെ പൊതുവായ വ്യവസ്ഥിതിയിൽ നിന്നും മോചിപ്പിക്കപ്പെടുവാൻ ക്രിസ്തുവിനു പൂർണ്ണമായി കീഴടങ്ങേണ്ടതാണ്. അവർ തന്റെ നുകം വഹിക്കേണ്ടത് ആവശ്യമാണ്. മറ്റു നുകങ്ങളാലുള്ള ദുരിതങ്ങളും മറ്റു ചുമടുകളുടെ ഭാരവും അനുഭവിക്കുന്നവരെ മോചനത്തിനും ആശ്വാസത്തിനുമായി തന്റെ അടുക്കൽ വരുവാൻ താൻ ക്ഷണിക്കുന്നു.

അടിച്ചമർത്തപ്പെടുകയും വേദനിപ്പിക്കപ്പെടുകയും ചെയ്യുന്നവരോടുള്ള സ്നേഹമാർന്ന സഹതാപത്താൽ, കർത്താവ് പറയുന്നു, അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ള എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും... എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ". ദയാമസൃണമായ ഈ ക്ഷണത്തോടു ലക്ഷോപലക്ഷം പേർ പ്രതികരിച്ചു. ക്രിസ്തുവിന്റെ നുകത്തിന്റെ ലഘുത്വത്തിനും, അവിടുന്ന് വാഗ്ദത്തം ചെയ്ത ആശ്വാസത്തിന്റെ അനുഗ്രഹത്തിനുമായി ചില രീതികളിൽ അവർ പരീക്ഷിക്കപ്പെടുന്നു. എന്നിരുന്നാലും ഈ ആശ്വാസം പൊതുവായുള്ള ഐഹികമായ സമ്പത്തിന്റെയോ, ഉത്കണ്ഠയിൽ നിന്നോ ചുമതലകളിൽ നിന്നോ ഉള്ള സ്വാതന്ത്ര്യത്താൽ ഉണ്ടാകുന്നതായ ആശ്വാസമല്ല.

ക്രിസ്തുവിന്റെ നുകം വഹിക്കുക എന്നാൽ തന്നോടു കൂടെ നുകത്തിനു കൂട്ടാളികളാവുകയും തന്നോടു കൂടെ ക്ഷമാപൂർവ്വം നടക്കുകയും ചെയ്യുക എന്നാണ് അർത്ഥം. നുകം ദാസ്യത്വത്തിന്റെ ചിഹ്നമാണ്. നുകത്തിനു കീഴ്പ്പെടുന്നവൻ തന്നോടു കൂടെ നുകത്തിൽ കെട്ടപ്പെട്ടിരിക്കുന്നവന്റെ ഇച്ഛയ്ക്കും ലക്ഷ്യത്തിനും സ്വയം സമർപ്പിക്കുകയും നിയോഗിച്ചിരിക്കുന്ന വേലയുടെ നിർവ്വഹണത്തിനു ശാന്തമായി പ്രയത്നിക്കുകയും വേണം. ഇതിനായി നമ്മുടെ കർത്താവായ യേശു സ്വന്തം ഇച്ഛയെ സ്വർഗ്ഗീയ പിതാവിന്റെ ഇച്ഛക്ക് സന്തോഷത്തോടെ സമർപ്പിച്ചു. ഈ നുകം ദൈവം യേശുവിനെ നിർബന്ധിച്ച് ഏൽപ്പിച്ചില്ല, ദൈവം ആരിലും അതു അടിച്ചേൽപ്പിക്കയുമില്ല. യേശു അതു സന്തോഷത്തോടെ സ്വീകരിച്ച്, ക്ഷമയോടെ വഹിച്ചു. അത് തനിക്കു ഏറ്റം അപമാനം വരുത്തിയെങ്കിലും അതിനെ ഹീനമായ വേലയായി കണക്കാക്കാതെ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നതിൽ താൻ ആനന്ദിച്ചു (സങ്കീ. 40:8; എബ്രാ. 10:7).

ഒരേ വേലയിൽ ഒരേ യജമാനന്റെ കീഴിൽ ക്രിസ്തുവിനോടു കൂടെ നുകത്തിൽ കെട്ടപ്പെടുന്നതിനാണ് നമുക്കു ക്ഷണം ലഭിച്ചിരിക്കുന്നത്. തന്റെ നുകം മൃദുവും തന്റെ ചുമടു ലഘുവുമാണെന്നു താൻ നമുക്കു ഉറപ്പു നൽകുന്നു. എന്നാൽ ക്രിസ്തുവിന്റെ ആത്മാവ് നമുക്കില്ലായെങ്കിൽ തന്നോടു കൂടെ നമുക്ക് നുകത്തിൽ കെട്ടപ്പെടുവാനാകില്ല. ഒരേ നുകത്തിൻ കീഴിൽ കെട്ടപ്പെടുന്നവർ ഒരേ മനസുള്ളവരായിരിക്കേണം (ആമോ. 3:3). നമ്മുടെ മേലുള്ള നുകം നമുക്കു ലഘുവായി തോന്നുവാൻ കാരണമാകുന്നത് നമ്മുടെ പ്രസന്നമായ സഹിഷ്ണുത മൂലമാണ്, ആ നുകത്തിൻ കീഴിൽ ക്ഷോഭിക്കുകയോ, അതിൽ നിന്നു രക്ഷപ്പെടുവാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. മറിച്ച് അതിന്റെ വരുവാനിരിക്കുന്ന ആത്യന്തിക നേട്ടത്തിലും, ഒരേ മനസുള്ള നുകത്തിൽ കെട്ടപ്പെടുന്ന കൂട്ടാളിയോടുള്ള സംസർഗ്ഗത്തിലും കൂട്ടായ്മയിലും ആ നുകം വഹിക്കുന്നതിൽ അവൻ സന്തോഷിക്കുന്നു.

ക്രിസ്തുവിന്റെ കൂടെ ഒരു നുകത്തിനു കീഴിൽ വരുവാനുള്ള എത്ര അനുഗ്രഹമാർന്ന ക്ഷണമാണിത്! നമ്മുടെ സ്വർഗ്ഗീയ പിതാവ് നാം നടക്കേണ്ടുന്ന പാത നമ്മെ പഠിപ്പിക്കുന്നതിനുള്ള എത്ര മഹത്തായ അവസരമാണിത്! അത്തരം ഒരു നായകന്റെ കൂടെ നുകത്തിൽ കെട്ടിയിരിക്കെകൊണ്ട് നമുക്കു എങ്ങനെ വഴിതെറ്റും! ക്രിസ്തുവിൽ നിന്നു നാം വഴി പഠിക്കുകയും തന്നോടുള്ള നമ്മുടെ കൂട്ടായ്മയാൽ അവിടുത്തെ അനുഗ്രഹീതമായ ആത്മാവ് നമുക്കു ലഭിക്കുകയും ചെയ്യും. അവഹേളനത്തെ വെറുക്കാത്ത ഈ സൗമ്യത മഹത്താണ്. എങ്കിൽതന്നെയും ഏതൊരു സാഹചര്യങ്ങളിലും തൃപ്തികരവും സന്തോഷമുള്ളതുമാണ്. എങ്കിലും മഹത്തായ അന്ത്യം കൈവരിക്കുന്നതിനായി പ്രത്യാശയോടുകൂടെ വഴിയൊരുക്കുന്നതിനുള്ള അവകാശത്തിൽ എപ്പോഴും ആനന്ദിക്കുന്നതു കൂടിയാണ്. അങ്ങനെ നാം നമ്മുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. വ്യർത്ഥമായ ആഗ്രഹത്തിൽ നിന്നും നിഷ്ഫലമായ പദ്ധതികളിൽ നിന്നും മറ്റ് ഊഴിയ വേലക്കാരുടെ വേലയിൽ നിന്നും നാം ആശ്വാസം കണ്ടെത്തും. ഓ, മറ്റു നുകത്തിന്റെ കീഴിൽ അധ്വാനിക്കയും, കഠിന ഭാരം ചുമക്കുകയും ചെയ്യുന്നവർ അത് എറിഞ്ഞു കളഞ്ഞ്, എത്ര എളുപ്പത്തിലും സന്തോഷത്തിലും അവർക്കു ക്രിസ്തുവിന്റെ നുകം വഹിക്കാനാകുമെന്നു പഠിക്കുകയും ചെയ്യും!

## ലഘുവായ ചുമടുകളുടെ ഉദാഹരണങ്ങൾ

അപ്പൊസ്തലനായ പൗലൊസിന്റെ അനുഭവങ്ങളെ വീക്ഷിച്ചുകൊണ്ട് അദ്ദേഹത്തിന്റെ തോളിലുണ്ടായിരുന്ന ക്രിസ്തുവിന്റെ നുകം ലളിതമായിരുന്നു അഥവാ താൻ വഹിച്ച ക്രിസ്തുവിന്റെ നുകം ലഘുവായിരുന്നു എന്നു ചിലർ പറയും. എന്നാൽ പൗലൊസും അവയെക്കുറിച്ച് അങ്ങനെ തന്നെ ചിന്തിച്ചിരുന്നു എന്നതു വ്യക്തമാണ്. എന്തെന്നാൽ ക്രിസ്തുവിന്റെ നല്ല ഭടനായി കഷ്ടം സഹിക്കുന്നത് (പീഡ സഹിക്കുന്നത്) അദ്ദേഹം അമൂല്യമായ അവകാശമായി എണ്ണി. അദ്ദേഹം ക്രിസ്തുവിനെ നേടേണ്ടതിനും ക്രിസ്തുവിൽ ഇരിക്കേണ്ടതിനും തന്റെ സകലത്തിന്റെയും നഷ്ടത്തെ സന്തോഷത്തോടെ സഹിച്ചു. അതിനെ ചേതം എന്നു എണ്ണി. ക്രിസ്തുവിന്റെ മഹത്വത്തിലും തന്റെ രാജ്യത്തിന്റെ അനുഗ്രഹീതമായ വേലയിലും തന്നോടുകൂടെ പങ്കുചേരുവാൻ ഇടയുള്ളതിനാൽ ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കാളിയാകുന്നതിൽ അവൻ ആനന്ദിച്ചു (ഫിലി. 3:7-11).

എത്ര അനുഗ്രഹിക്കപ്പെട്ട വേല! അത്തരം ഒരു ഭാവി വേലയുടെ വീക്ഷണത്തിൽ പൗലൊസ് അഭിമാനത്തോടെ ആനന്ദിച്ചു. അതിനായുള്ള തന്റെ മനസ്സിന്റെ ഒരുക്കം പ്രകടിപ്പിക്കുന്നതിനായി ദൈവീക പദ്ധതിയോടുള്ള പൊരുത്തത്തിൽ നിസ്വാർത്ഥ സേവനത്തിനായി തന്റെ ജീവനെ ഉത്സാഹത്തോടും ഊർജ്ജസ്വലതയോടും കൂടെ സമർപ്പിച്ചു. അദ്ദേഹം സന്തോഷത്തോടെ ക്രിസ്തുവിന്റെ നുകം തന്റെ മേൽ വച്ചു. താൻ സ്വയം മാർഗ്ഗനിർദ്ദേശി ആകാൻ ശ്രമിക്കാതെ സ്വയത്തെ ത്യജിച്ച് ക്രിസ്തുവിന്റെ കീഴിൽ മനത്താഴ്മയോടെ പ്രതിഷ്ഠിക്കയും, തടവറയിലേക്കായാലും ആമത്തിലേക്കായാലും പരസ്യമായി ലജ്ജാകരമായ അടികൊള്ളലായാലും തന്നെ ഏതാണ്ടു മരണാവസ്ഥയിലെത്തിച്ച കല്ലേറായാലും കപ്പൽച്ചേദത്താലോ, ഭൂമിയിലെയോ, കടലിലേയോ, ജാതികളായ ശത്രുക്ക

ളാലുള്ളതോ, കള്ളസഹോദരന്മാരാലുള്ളതോ ആയ ആപത്തായാലും കഠിനമായ അദ്ധ്വാനത്തിലായാലും വേദനാജനകമായ പ്രയത്നത്തിലേക്കായാലും, അവിടുന്ന് നയിക്കുന്നതെവിടേക്കായാലും അനുസരണത്തോടെ പിൻപറ്റി. എന്നിട്ടും പൗലൊസ് ക്രിസ്തുവിന്റെ ചുമടിനെ ലഘുവായും അതിന്റെ നുകത്തെ മൃദുവായും എണ്ണി. തന്റെ പരിശോധനകളെ താൻ ലഘുവായ കഷ്ടങ്ങൾ എന്നു വിളിച്ചു. അദ്ദേഹം കഷ്ടതയിൽ പ്രശംസിക്കുന്നു എന്നു പറഞ്ഞു (2 കൊരി. 4:15-18; 7:4-7; റോമ. 5:3-5). ദുരിതപൂർണ്ണമായ തടവറയുടെ അഗാധത്തിൽ മുറിവുകളോടു കൂടിയ മുതുകും ആമത്തിൽ ഇട്ട കാൽപാദങ്ങളുമായി പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിക്കുകയും ഉണ്ടായി (അപ്പൊ. 16:22-25).

**സാത്താനോടുള്ള പോരാട്ടം മാനസികമാണ്**

"ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല... ഞങ്ങൾ സങ്കൽപങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചു കളഞ്ഞ്, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കി"
2 കൊരിന്ത്യർ 10:3,5 (NIV)




തനിക്കൊപ്പം നുകം വഹിക്കുന്നവരെ അപ്പൊസ്തലനായ യാക്കോബ് (യാക്കോ. 1:2,3) ഇങ്ങനെ പ്രബോധിപ്പിക്കുന്നു: "എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ [വിവിധ പരിശോധനകളിൽ] അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നു അറിഞ്ഞ് അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ". അപ്പൊസ്തലനായ പത്രൊസ് തന്നോടു കൂടെ നുകം ചുമക്കുന്നവരോടു "നിങ്ങൾ... പറഞ്ഞു തീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കുന്നു" എന്നു പറഞ്ഞു (1 പത്രൊ. 1:8). സ്തെഫാനൊസ് ശത്രുക്കളാൽ മരണത്തിലേക്കു കല്ലെറിയപ്പെട്ടപ്പോഴും ഇതേ ആശ്വാസവും ആനന്ദവും അദ്ദേഹത്തിനുമുണ്ടായിരുന്നു. ദാരിദ്ര്യത്തിന്റെയും, രോഗാവസ്ഥയുടെയും, കഷ്ടപ്പാടുകളുടെയും, പ്രലോഭനത്തിന്റെയും, ചുറ്റുമുള്ള ശത്രുക്കളുടെയും പീഡനത്തിന്റെ തീക്ഷ്ണമായ ജ്വാലകൾക്കു നടുവിലും ദൈവത്തിന്റെ ആയിരക്കണക്കിനു വിശുദ്ധന്മാർക്കു ഇത്തരം സാക്ഷ്യം നൽകാൻ സാധിക്കും.

ഈ ആശ്വാസം എവിടെ നിന്നാണ് വരുന്നത്? എങ്ങനെയാണ് ആശ്വാസവും ആനന്ദവും അത്തരം അനുഭവങ്ങൾക്കു അനുഗുണമാകുന്നത്? ഈ ആശ്വാസം യഹോവയിൽ വിശ്വസിക്കുന്ന മനസ്സുള്ളവരുടെ ആശ്വാസമാണ് – "സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ട് നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു" (യെശ. 26:3). "ദൈവം തന്റെ പ്രവൃത്തിയിൽ എന്നപോലെ അവന്റെ [ദൈവത്തിന്റെ] സ്വസ്ഥതയിൽ പ്രവേശിച്ചവൻ താനും തന്റെ പ്രവർത്തികളിൽ നിന്നു നിവൃത്തനായിത്തീർന്നു" (എബ്രാ. 4:10). ഈ സ്വസ്ഥത അനുഭവിക്കുന്നതു വരേയ്ക്കും ഇതിന്റെ അനുഗ്രഹങ്ങളെ ആർക്കും മനസിലാക്കാനാവില്ല. ക്ലേശങ്ങളുടെ പരിശോധനയിൻ കീഴിലൂടെ കടക്കുമ്പോഴല്ലാതെ ആർക്കും ആ സ്വസ്ഥതയുടെ മഹത്തായ മൂല്യത്തെ തിരിച്ചറിയുവാനാകില്ല.

ദൈവത്തിന്റെ സ്വസ്ഥതയുടെ താക്കോൽ അവിടുത്തെ വചനത്തിലൂടെ താൻ നൽകുന്നു "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്നോടു പഠിപ്പിൻ". സൗമ്യതയും താഴ്മയുമുള്ള ആത്മാവാണ് യഥാർത്ഥത്തിൽ സ്വസ്ഥതയുടെ രഹസ്യം. പഠിപ്പിക്കപ്പെടുക, നയിക്കപ്പെടുക, സമാധാനം, ദീർഘക്ഷമ തുടങ്ങിയ കൃപകളുടെയും ദൈവത്തിന്റെ ഇഷ്ടത്തോടുള്ള ശാന്തവും സ്നേഹവുമാർന്ന കീഴ്പ്പെടലിന്റെയും അവിടുത്തെ സ്നേഹത്തിലും പരിചരണത്തിലും അവിടുത്തെ മാർഗ്ഗനിർദ്ദേശിയായ ഉപദേശത്തിലും ബലമുള്ള കരുതലിലുമുള്ള ശാശ്വതമായ ആത്മവിശ്വാസത്തിന്റെയും സംസ്കരണമാണ് സൗമ്യതയുടെ വികാസം. ദുഷ്കീർത്തി സത്കീർത്തികളിലും, അനുകൂലമോ പ്രതികൂലമോ ആയ സാഹചര്യങ്ങളിലും ഈ ഓട്ടം സസന്തോഷം ഓടുവാൻ പരിശ്രമിക്കുമ്പോൾ സൗമ്യത എന്ന ഈ കൃപ പ്രകടിപ്പിച്ചു കൊണ്ടിരിക്കും (2 കൊരി. 6:4,8).

ദൈവമക്കൾ എന്നു അവകാശപ്പെടുന്ന നമുക്ക് ക്രിസ്തുവിന്റെ സൗമ്യതയും താഴ്മയും ഉള്ള ആത്മാവിനെ മാതൃകയാക്കാൻ അധികമധികം ശ്രമിക്കാം. തന്റെ നുകം എടുത്ത് തന്നിൽ നിന്നു പഠിക്കുന്നവർക്കു മാത്രം താൻ നൽകുന്ന ബലത്താൽ ആയുധമേറിയിരിക്കുന്ന നമുക്കും ക്രിസ്തുവിനെപ്പോലെ ദൈവത്തിന്റെ കരുതൽ സ്വീകരിക്കുകയും തന്റെ നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിക്കുകയും ചെയ്യാം.



# ആത്മീയ ജീവിതം

## SPIRITUAL LIVING

**"യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും? ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നെ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാൺമാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്ക്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനും തന്നെ" (സങ്കീ. 27:1, 4).**

പ്രചോദിതനായ സങ്കീർത്തനക്കാരൻ ഭക്തിയുടെയും അത്യുത്സാഹത്തിന്റെയും പരമോന്നതമായ രാഗത്തിൽ ദൈവത്തിന്റെ സമർപ്പിതരായ ജനത്തിന്റെ ഹൃദയങ്ങളിലേക്കും മനസുകളിലേക്കും എല്ലാ സ്തുതിക്കും യോഗ്യനായ ദൈവത്തോടുള്ള വിശ്വാസത്തിന്റെയും, പ്രത്യാശയുടെയും, സ്നേഹത്തിന്റെയും, ആരാധനയുടെയും മനോവികാരത്തെ നിക്ഷേപിക്കുന്നു. ഈ മനോവികാരത്തിൽ പലതും സങ്കീർത്തനക്കാരന്റെ സ്വന്തം അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ഉള്ളതാണെങ്കിലും, ദിവ്യമായ പ്രചോദനത്തിൻ കീഴിൽ ദൈവത്തിന്റെ യഥാർത്ഥ യിസ്രായേലിന്റെ ശിക്ഷണത്തിനും ഉപദേശത്തിനുമായിട്ടാണ് അറിയിക്കപ്പെട്ടിട്ടുള്ളത്. നമ്മുടെ ഹൃദയങ്ങളിൽ നിറയേണ്ട ദൈവത്തോടുള്ള തീക്ഷ്ണമായ ആരാധനയുടെ മനോവികാരങ്ങളെ നമ്മുടെ കർത്താവ് തന്നെ സൂചിപ്പിക്കും. ഈ വിഷയത്തിൽ സ്നേഹത്തിലും വിശ്വാസത്തിലും ശിശുസമാനമായ ആത്മവിശ്വാസത്തിലും അവിടുന്ന് നമ്മെ തന്നിലേക്ക് അടുപ്പിക്കുമെന്നു നാം കാണുന്നു.

യുക്തിക്കും സാമാന്യബുദ്ധിക്കും മതപരമായ ജീവിതത്തിൽ ഒഴിച്ചുകൂടാനാകാത്ത ഉചിതമായ സ്ഥാനമുണ്ടെങ്കിലും വിശുദ്ധവും തീക്ഷ്ണവുമായ വികാരത്തിന്റെ ചിറകുകളിൽ ഒരിക്കലും കയറിയിട്ടില്ലാത്ത, ദൈവീകമായ നന്മയുടെയും ദാനശീലത്തിന്റെയും ആശയത്താൽ അതിന്റെ ആഴങ്ങളിൽ ഉദ്ബോധിപ്പിക്കപ്പെടാത്ത ആത്മാവ് പുത്രത്വ ബന്ധത്തിന്റെ അനുഗ്രഹങ്ങളെ ഇതുവരെയും അനുഭവിച്ചിട്ടില്ല. പ്രിയനും അംഗീകാരയോഗ്യനുമായ മകൻ പുത്രത്വത്തിന്റെ ബന്ധത്തിന്റെ അനുഗ്രഹം അനുഭവിച്ചു. എല്ലാ കൃപകളുടെയും പൂർണ്ണതയും, സകല മാഹാത്മ്യത്തിന്റെയും മഹത്വകിരീടമായും തന്റെ സ്വർഗ്ഗീയ പിതാവിനെ അംഗീകരിക്കുകയും, അവിടുത്തോടു അടുത്ത കൂട്ടായ്മയിലും സംസർഗ്ഗത്തിലും ജീവിക്കുന്ന, ദൈവത്തിന്റെ സ്നേഹത്തിന്റെയും അംഗീകാരത്തിന്റെയും സാക്ഷി എന്ന നിലയിൽ സ്വയം കാണുന്നവനുമായ ദൈവത്തിന്റെ യഥാർത്ഥ പുത്രനു പ്രത്യേകിച്ച് ഇതു പോലെതന്നെ ആയിരിക്കും.

"നിങ്ങൾ എന്നെ സ്നേഹിച്ചു, ഞാൻ പിതാവിന്റെ അടുക്കൽ നിന്നു വന്നിരിക്കുന്നു എന്നു വിശ്വസിച്ചിരിക്കകൊണ്ട് പിതാവു താനും നിങ്ങളെ സ്നേഹിക്കുന്നു"




"എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടു കൂടെ വാസം ചെയ്യും". നമ്മുടെ അനുഗ്രഹീത കർത്താവായ യേശുവിന്റെ ഈ വാക്കുകൾ ശൂന്യമായവ ആയിരുന്നില്ല (യോഹ. 16:27; 14:23). ഇത്തരം സാഹചര്യത്തിനു കീഴിലാണ് സ്നേഹത്തിന്റെയും, ആർദ്രതയുടെയും, വിശ്വാസത്തിന്റെയും, കൃതജ്ഞതയുടെയും, സ്തുതിയുടെയും വിശുദ്ധമായ വികാരങ്ങൾ സന്തോഷത്തിന്റെ പാനപാത്രത്തിന്റെ വക്കോളം നിറയുന്നത്, ആ വിശുദ്ധമായ ആനന്ദത്തിൽ നാം ഇങ്ങനെ പാടുന്നു "... എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു. നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിൻതുടരും; ഞാൻ യഹോവയുടെ ആലയത്തിൽ എന്നേക്കും വസിക്കും (സങ്കീ. 23:5,6).

തീക്ഷ്ണമായ വികാരങ്ങളുടെയും, നന്ദിയുള്ള സ്തു

തിയുടെയും സ്നേഹാർദ്രമായ ഉറപ്പിന്റെയും ഈണങ്ങളാൽ സമൃദ്ധമാണ് ശ്രേഷ്ഠമായ സങ്കീർത്തനങ്ങൾ! അവ നമ്മുടെ ഹൃദയങ്ങളെ ആനന്ദിപ്പിക്കുന്നതിനും നാവുകളെ മധുരമാക്കുന്നതിനും ക്ഷണിക്കുന്നു. ദൈവത്തിന്റെ വചനം ധ്യാനിച്ചുകൊണ്ടും അവിടുത്തെ കൽപനകളെ അനുസരിച്ചുകൊണ്ടും "കർത്താവിൽ എപ്പോഴും സന്തോഷിക്കുന്നു", "എല്ലാറ്റിനും സ്തോത്രം ചെയ്യേണ്ടത്" എങ്ങനെയെന്നും അവ നമുക്കു കാണിച്ചു തരുന്നു. "ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തുയേശുവിൽ ദൈവേഷ്ടം (ഫിലി. 4:4; 1 തെസ്സ. 5:18).

കർത്താവിന്റെ കരുതലുകളുടെയും ശത്രുക്കളുടെ ശക്തിയിൽ നിന്നുമുള്ള ദാവീദിന്റെ അനേകം വിടുതലിന്റെയും, അദ്ദേഹം ധ്യാനിച്ചപ്പോൾ ലഭിച്ച സമാനമായ ദയയുടെയും ദൈവത്തിന്റെ കൃപയുടെയും കാഴ്ചപ്പാടിലായിരുന്നു നമ്മുടെ ആധാരവാക്യത്തിൽ അദ്ദേഹം ഇങ്ങനെ ഘോഷിച്ചത്, "യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും?" തിരുവെഴുത്തുകളിൽ ഉടനീളം വിഭിന്നമായി പ്രകടിപ്പിച്ചിരിക്കുന്ന ഈ സാന്ത്വനം നമുക്ക് ഏറ്റവും ആവശ്യമുള്ള കാലങ്ങളിൽ അതിന്റെ സകല അനുഗ്രഹീതമായ ശക്തിയിലും നമ്മിലേക്കു വരുന്നു. നാം എതിരിടുന്ന വൈരികൾ എത്ര അധികം അപകടകാരികളും ദൃഢനിശ്ചയമുള്ളവരും ആകുന്നുവോ, അന്ധകാരത്തിന്റെ ശക്തികളോടുള്ള ഏറ്റുമുട്ടൽ എത്രയധികം ഘോരമാകുന്നുവോ, അതിൽ നിന്നുള്ള മോചനം അതിലധികം മഹത്തരവും, ദിവ്യകൃപയുടെ വെളിപ്പെടൽ അതിലധികം വ്യക്തവും ആയിരിക്കും. അതിന്റെ പരിണിതഫലമായി വിശ്വാസം ആഴത്തിൽ വേരൂന്നുകയും, പുതുക്കം പ്രാപിച്ച ആത്മവിശ്വാസവും ഉറപ്പും ദൈവത്തിന്റെ മഹത്തായ സകല വാഗ്ദത്തങ്ങളെ മുറുകെ പിടിക്കുകയും, ദിവ്യകൃപയുടെയും അനുഗ്രഹത്തിന്റെയും വർദ്ധിച്ച ധാരണയാൽ ഉണർവ്വു ലഭിച്ച ഹൃദയങ്ങളിൽ നിന്നും സ്നേഹവും നന്ദിയും പുറപ്പെടുകയും ചെയ്യുന്നു.

ദാവീദിനും അത് സമാനമായ രീതിയിലായിരുന്നു; അപ്രകാരം തന്നെ പ്രാർത്ഥനയിലും വിശ്വാസത്തിലും ദൈവത്തോടുള്ള അടുത്ത കൂട്ടായ്മയിലും ഉള്ള ജീവിതം നയിക്കുന്ന ദൈവത്തിന്റെ വിശ്വസ്തരായ ജനങ്ങൾക്കും അത് ഇങ്ങനെ തന്നെ ആയിരിക്കും. സങ്കീർത്തനക്കാരൻ 4-ാം വാക്യത്തിൽ പറയുന്ന, യഹോവയുടെ മനോഹരത്വം കാൺമാനും തന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും ആയുഷ്കാലമൊക്കെയും യഹോവയുടെ ആലയത്തിൽ പാർക്കുന്നതിനും പരമമായി ആഗ്രഹിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നതുവരെ ആപത്ത്കാലത്തിലും അഭിവൃദ്ധിയിലും ദൈവത്തോടുള്ള കൂട്ടായ്മ ഹൃദയത്തിന്റെ മാനസികാവസ്ഥയേയും ആഗ്രഹങ്ങളെയും ദൈവത്തിലേക്കു കൂടുതൽ കേന്ദ്രീകരിപ്പിക്കുന്നു.

ആയുഷ്കാലമൊക്കെയും ദൈവത്തിന്റെ ആലയത്തിൽ പാർക്കുക എന്നാൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരോടു കൂടെ എണ്ണപ്പെടുവാൻ നിരന്തരം യോഗ്യരായി കണക്കാക്കപ്പെടുക എന്നതാണ്, "പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം അവസാനത്തോളം മുറുകെ പിടിച്ചു കൊണ്ടാൽ നാം തന്നെ അവന്റെ ഭവനം ആകുന്നു" (എബ്രാ. 3:6). വിശ്വാസത്തെ മുറുകെ പിടിച്ച്, ലോകത്തിന്റെ ആത്മാവിനും പ്രത്യാശകൾക്കും അഭിലാഷങ്ങൾക്കും ദിനംപ്രതി മരിച്ച്, വിശ്വാസത്താൽ ലോകത്തിന്റെ വശീകരണങ്ങളെയും പ്രലോഭനങ്ങളെയും തരണം ചെയ്ത്, അതിലധികം ദൈവത്തോടു കൂടെ ജീവിക്കുകയും ചെയ്യുന്നവർ, തീർച്ചയായും ദൈവത്തിന്റെ ആലയത്തിൽ എന്നേക്കും വസിക്കും. അവർ ഇപ്പോൾ ദൈവത്തോടു കൂടെ സമർപ്പണത്തിൽ വസിക്കുന്നു. പിന്നീട് അവർ ദൈവത്തോടു കൂടെ അവിടുത്തെ രാജ്യത്തിൽ വസിക്കും.

"യഹോവയുടെ മനോഹരത്വം കാണുക" എന്നാൽ വിശുദ്ധിയുടെ മനോഹരത്വം കാണുക എന്നാണ്. അവിടുത്തെ മഹത്വത്തിന്റെ ഈ ദൃശ്യത്തെ നമ്മുടെ മനഃക്കണ്ണുകൾക്കു മുമ്പിൽ നമ്മുടെ പ്രചോദനവും, നമ്മുടെ വെളിച്ചവും, നമ്മുടെ മാർഗ്ഗനിർദ്ദേശവും, നമ്മുടെ മാതൃകയും, നമ്മുടെ മുഖ്യസന്തോഷവും ആക്കി പ്രതിഷ്ഠിക്കണം. ഒരുവൻ തന്റെ വികാരവിക്ഷോഭത്തിന്റെ ഉച്ചസ്ഥായിയിലോ വൈകാരികത്വത്തിന്റെ ഉന്മത്തതയിൽ വിനോദിച്ച് അതിന്റെ മന്ത്രത്തിൽ കീഴിൽ സുബോധത്തിന്റെ ആത്മാവിനു തികച്ചും അന്യമായ കാര്യങ്ങൾ പ്രവർത്തിക്കുന്നതിലോ അല്ല (റോമ. 12:3; തിത്തൊ. 2:12; 2 തിമൊ. 2:7). മറിച്ച് ക്ലേശത്തിന്റെയോ വേദയുടെയോ നഷ്ടത്തിന്റെയോ പരിഭ്രമത്തിന്റെയോ ഏതൊരു അനുഭവത്തിലും അല്ലെങ്കിൽ ഇപ്പോഴത്തെ ജീവിതത്തിന്റെ വിവിധ പ്രശ്നങ്ങൾക്കു നടുവിലും സന്തോഷിക്കുന്നതാണ് ക്രിസ്ത്യാനിയുടെ സന്തോഷകരമായ ജീവിതത്തിന്റെ രഹസ്യം. ദൈവത്തിന്റെ ആലയ


ത്തിൽ വസിക്കുന്നവർക്കു മാത്രമേ അവിടുത്തെ മനോഹരത്വം കാൺമാൻ കഴിയൂ. അങ്ങനെ ഉള്ളവർക്കു മാത്രമേ അവിടുന്ന് സ്വയം വെളിപ്പെടുത്തൂ, "അവിടുന്ന് സർവ്വാംഗസുന്ദരനം, പതിനായിരങ്ങളിലും അതിസുന്ദരനമാണ്" (മെൻഡെ ലൗലെസ്സിന്റെ "സർവ്വാഗസുന്ദരൻ" എന്ന ഗാനം). അങ്ങനെ ഉള്ളവർക്കു മാത്രമേ അവിടുത്തെ വിശുദ്ധിയുടെ സൗന്ദര്യത്തെ അനുമോദിക്കാനാകൂ. അങ്ങനെ ഉള്ളവർക്കു മാത്രമേ അവിടുത്തെ നിയമം നിരന്തരം ധ്യാനിക്കുകയും അതിനോടു തന്റെ ജീവിതത്തെ ഉറപ്പിക്കുകയും ചെയ്തുകൊണ്ട് തന്നിൽ ആനന്ദിക്കാൻ കഴിയൂ.

"അവന്റെ ആലയത്തിൽ പാർക്കുന്നവർ" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ദിവ്യനിയമത്തിന്റെയും സാക്ഷ്യത്തിന്റെയും അന്വേഷകരെയും വിദ്യാർത്ഥികളെയും അങ്ങനെ പ്രവർത്തിക്കുന്നതിൽ ആനന്ദിക്കുന്നവരെയുമാണ്. "നിന്റെ ന്യായപ്രമാണം എനിക്ക് എത്രയോ പ്രിയം; ഇടവിടാതെ അതു എന്റെ ധ്യാനമാകുന്നു", "നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കു ഉണ്ട്" എന്തെന്നാൽ "എന്റെ ദൈവമേ നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു; നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു" ഇതായിരിക്കും അവരുടെ ഹൃദയത്തിന്റെ ഭാഷ (സങ്കീ. 119:97; 40:8; യോഹ. 4:32).

സ്വയത്തിനും ലോകത്തിനും മരിച്ച് ദൈവത്തിനു വേണ്ടി ജീവിക്കുന്നവനായി മാറുമ്പോൾ ഉള്ള ഒരു ക്രിസ്ത്യാനിയുടെ അഭിലാഷത്തിന്റെ ആകെത്തുകയും സമ്പത്തുമായ ഒരേയൊരു ആഗ്രഹമാണത്. നമുക്ക് അധികമധികം അത് അന്വേഷിക്കുകയും അതിനോടു പൊരുത്തപ്പെടുകയും ചെയ്യാം. അങ്ങനെ ചെയ്യുമ്പോൾ ക്രിസ്ത്യാനി എന്ന നിലയിലുള്ള മനഃശക്തിയും ധൈര്യവും സഹനശക്തിയും എരിവും വളരെയധികം വർദ്ധിക്കുന്നു. ഇവ വിശ്വാസത്തിൽ നിന്നും ജനിച്ചവ മാത്രമല്ല, അനുഭവങ്ങളുടെ പാഠങ്ങളാൽ വികസിച്ചും ബലപ്പെട്ടും വരുന്ന ജീവനുള്ള വിശ്വാസത്താൽ ശക്തമായി വർദ്ധിക്കുകയും വളരുകയും ചെയ്യുന്നവയാണ്.

ഏറ്റവും വലയ്ക്കുന്ന പ്രയാസങ്ങളുടെയും അഗാധമായ അന്ധകാരത്തിന്റെയും നടുവിലും ഉഗ്രമായ കൊടുങ്കാറ്റുകളുടെയും അത്യന്തം ഭീക്ഷണിപ്പെടുത്തുന്ന ആപത്തുകളുടെ നടുവിലും വിശ്വാസത്തിൽ നിന്നും സംജാതമായതും സഹിഷ്ണുതയാൽ ബലപ്പെട്ടതുമായ ധൈര്യം വിനീതമായ മനഃശക്തിയിൽ നിലവിളിക്കും: "യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും" (സങ്കീ. 27:1)?

അപ്പൊസ്തലനായ പൗലൊസിനു ഈ അനുഗ്രഹീതമായ സ്വാധീനം ലഭിച്ചിട്ടാകണം ഇങ്ങനെ പറഞ്ഞത്, "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു"; "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത് [ഉത്കണ്ഠപ്പെടരുത്]; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്" (ഫിലി. 4:4,6). കർത്താവിന്റെ വേല നമുക്ക് എന്ത് കഷ്ടമോ, ആകുലതയോ, അധിക്ഷേപമോ, പീഡയോ സൃഷ്ടിച്ചാലും, ശാന്തരും ജാഗരൂകരും അദ്ധ്വാനശീലരും ചിന്താശീലരും ഭക്തരും ആയി നിലകൊള്ളണം എന്നു മാത്രമല്ല ഈ അനുഭവങ്ങൾക്കിടയിലും സന്തോഷത്തോടെ വിശുദ്ധമായ ആനന്ദത്തിന്റെ പ്രചോദനത്താൽ നിറയുന്നവരാകണമെന്നു ദൈവത്തിന്റെ വചനത്തിൽ ഉടനീളം നമ്മെ പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക. സന്തോഷത്തോടെ ഇരിക്കുവാൻ ഉപദേശിക്കുക മാത്രമല്ല ഈ സന്തോഷത്തെ സ്വാഭാവികമായും ഉത്പാദിപ്പിക്കുന്ന ജീവിത രീതിയെ നമുക്കു ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. യഹോവയുടെ കുടുംബത്തിലേക്കു നാം വരുമ്പോൾ എല്ലാ ആഗ്രഹങ്ങൾക്കും മീതെ യഹോവയുടെ മന്ദിരത്തിൽ വസിക്കുവാൻ യോഗ്യരായി എണ്ണപ്പെടുവാൻ ആഗ്രഹിക്കുന്നവർക്കു മാത്രം തിരിച്ചറിയുവാനും വിലമതിക്കുവാനും ആകുന്ന പുതിയതും വിശുദ്ധവുമായ അവസ്ഥയിലേക്കു നാം പ്രവേശിക്കുന്നു.



# എഡിറ്ററിൽ നിന്നുള്ള കത്ത്

## LETTER FROM THE EDITOR

ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുന്ന് നൽകിയിരിക്കുന്ന വാഗ്ദത്തത്തിൽ നിലനിൽക്കുന്ന എന്റെ പ്രിയ സുഹൃത്തുക്കളെ, സഹോദരങ്ങളെ, കഴിഞ്ഞകാല സത്യവചന പരിശീലനത്തിലേക്കു നാം തിരിഞ്ഞു നോക്കുമ്പോൾ, ഈ മാറ്റത്തിന്റെ കാലത്തിലും മറ്റു മാറ്റങ്ങളുടെ കാലങ്ങളിലും പ്രസ്ഥാനത്തെ നടത്തിയ ദൈവത്തിന്റെ കരം നമുക്കു ദർശിക്കാനാകും. അഭിവൃദ്ധികരമായി മുന്നേറിവരുന്ന സത്യത്താൽ യഥാകാലം ശക്തീകരിക്കപ്പെടുകയും ദൈവവചനത്തിലെ സത്യത്തിൽ ആശ്വാസത്തോടെ വിശ്രമിക്കാൻ കഴിയുന്ന ഏവർക്കും ബൈബിൾ ഹൗസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും ഞങ്ങളുടെ നന്മനിറഞ്ഞ നന്ദി പ്രകാശിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ദൈവത്തിന്റെ സമർപ്പിതരായ മക്കൾ എന്ന നിലയിൽ ക്രിസ്തുവിന്റെ നീതിയിൻ വസ്ത്രത്തിന്റെ ആവരണം നമുക്കുണ്ടാകുവാൻ അവകാശം ലഭിച്ചിട്ടുണ്ട്. അതെ, "യഹോവെക്കു അവന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ; വിശുദ്ധാലങ്കാരം ധരിച്ച് യഹോവയെ നമസ്കരിപ്പിൻ" (സങ്കീ. 29:2). ദൈവത്തിന്റെ പ്രകൃതിയുടെയും പ്രവൃത്തികളുടെയും ഫലമാണ് തനിക്കുള്ള മഹത്വം. അവിടുന്ന് മഹത്വമുള്ളവനായിരിക്കേണ്ടതിനു, തന്നിൽ വിശുദ്ധിയും, നന്മയും, മനോഹരവുമായ എല്ലാറ്റിന്റെയും ശേഖരം ഉള്ളതിനാൽ അവിടുന്ന് തന്റെ സ്വഭാവത്തിൽ മഹത്വമുള്ളവനാണ്. തന്റെ സ്വഭാവത്തിൽ നിന്നും നിർഗമിക്കുന്നതായ തന്റെ പ്രവൃത്തികളും മഹത്വമുള്ളവയാണ്. അവിടുത്തെ നന്മയും കരുണയും നീതിയും തന്റെ ജീവജാലങ്ങൾക്ക് വെളിപ്പെടുത്തണമെന്നു ആഗ്രഹിക്കുമ്പോൾ തന്നെയും, അതിനോടു അനുബന്ധിച്ചു വരുന്ന മഹത്വവും തനിക്കു മാത്രമുള്ളതായിരിക്കണമെന്നും താൻ ആഗ്രഹിക്കുന്നു. നമുക്കു ലഭിച്ചിരിക്കുന്ന സകല കൃപകളിലും ദൈവത്തിൽ നിന്നും ലഭിച്ചതല്ലാതെ എന്തുള്ളു? കർത്താവിന്റെ മുൻപിൽ താഴ്മയോടെ നടക്കുവാൻ നാം എത്ര ശ്രദ്ധാലുക്കളായിരിക്കണം!

സർവ്വ മഹത്വവും വല്ലഭത്വവും കർത്താവിങ്കൽ അർപ്പിക്കുന്നതിനും തന്റെ നാമം നിമിത്തമുള്ള ബഹുമാനം ദൈവത്തിന് അർപ്പിക്കുവാനും നീതിമാന്മാരായ ഏവരെയും ദൈവം ക്ഷണിക്കുന്നു. എങ്കിൽ തന്നെയും തുടർന്നു വരുന്ന വാചകം പഠിക്കുന്നത് ക്രിസ്തീയ ജീവിതത്തിലെ കാഠിന്യമേറിയ പോരാട്ടങ്ങളിൽ ഒന്നായിരിക്കും: "ഞങ്ങൾക്കല്ല, യഹോവേ, ഞങ്ങൾക്കല്ല, നിന്റെ നാമത്തിനു തന്നെ മഹത്വം വരുത്തേണമെ". എപ്പോഴും ദൈവം നമ്മെ പഠിപ്പിക്കുകയും ചിലപ്പോൾ വേദനിപ്പിക്കുന്ന ശിക്ഷണം നൽകി പഠിപ്പിക്കുകയും ചെയ്യുന്ന പാഠമാണിത്.

അപ്പൊസ്തലനായ പൗലൊസ് എഫെസ്യർ 6:10 ൽ നമുക്ക് ഒരു പ്രചോദനമായിട്ട് യഹോവയുടെ ആവിഷ്കരണം നടത്തുന്നതിലും മെച്ചമായി നമുക്കു ഒന്നും ചെയ്യാനില്ല: "ഒടുവിൽ എന്റെ സഹോദരന്മാരെ, കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ". ദൈവത്തോടും അവിടുത്തെ വാഗ്ദത്തങ്ങളിലും ഉള്ള വിശ്വാസത്തിൽ നമുക്കു സ്വഭാവത്തിൽ ബലപ്പെടുവാനും, സമർപ്പണ നേർച്ചകളോടുള്ള വിശ്വസ്തതയിലൂടെ ഇത് ചെയ്യുവാനും നമുക്കാവും. എപ്പിഫനി പാളയ സമർപ്പിതർ എന്ന നിലയിൽ പ്രത്യാശയോടെ നമുക്കു കൈകളെ ഉയർത്തി പറയാം: "അടിയൻ ഇതാ കർത്താവേ, അടിയനെ അയയ്ക്കേണമേ!"

ബ്രദർ ലിയോൺ സ്നൈഡർ

**നമ്മുടെ കർത്താവിന്റെ ജനനത്തിന്റെ ആഘോഷം നമ്മുടെ ഹൃദയങ്ങൾക്കു ആനന്ദമേകുകയും, അവിടുത്തെ അനുഗ്രഹങ്ങൾ വരുംവർഷത്തിൽ നമ്മുടെ കൂടെ ഉണ്ടായിരിക്കുകയും ചെയ്യട്ടെ!**




## വിശുദ്ധമായ [?] മതദ്രോഹ വിചാരണ കോടതി
## THE HOLY (?) INQUISITION

കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും പുരാതന കത്തോലിക്ക കോടതിയുടെ പ്രവർത്തനങ്ങളെ അശുദ്ധമെന്നു വിളിക്കുന്നതിൽ താത്പര്യപ്പെടുന്നു. ഈ വസ്തുതകളെ ക്ഷമയോടെ അഭിമുഖീകരിക്കുമ്പോൾ, അവ പ്രീതി കുറഞ്ഞ ഒരു കാലത്തിന്റേതായിരുന്നു എന്നു നാം ഓർമ്മിക്കുന്നു. പ്രകാശനത്തോടു കൂടി യേശു മനസ്സിൽ ഉറപ്പിച്ചു തന്ന നീതിയുടെയും സ്നേഹത്തിന്റെയും തീക്ഷ്ണമായ ആശയത്തിലേക്കു വന്നെത്തിയിരിക്കുന്നതിനാൽ ദൈവത്തിനു നന്ദി: "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ പകെക്കുന്നവർക്കും ഉപദ്രവിക്കുന്നവർക്കും എന്റെ നിമിത്തം നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുന്നവർക്കും നന്മ ചെയ്‌വിൻ" – മത്തായി 5:44; മർക്കൊസ് 13:13; ലൂക്കൊസ് 6:27.

നിയമം നൽകപ്പെട്ട യിസ്രായേൽ സീനായി മലയിൽ വച്ച് അതിന്റെ കൽപനയിങ്കൽ തന്നെ നീതി പ്രകടിപ്പിച്ചു, "കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം". കത്തോലിക്ക കോടതിയുടെ പീഡിപ്പിക്കലിൽ ദൈവത്തിന്റെ വചനങ്ങളെ എത്ര ഗൗരവമായി നോക്കിക്കണ്ടിരുന്നു! അവിടെ സ്നേഹമോ സഹതാപമോ ഉണ്ടായിരുന്നില്ല. എന്നുമാത്രമല്ല, നീതി അതിന്റെ ആശയത്തിൽ തന്നെ ലംഘിച്ചിരുന്നു. കൂടുതൽ മെച്ചപ്പെട്ട നാളിലെ പ്രകാശത്തിനായി ദൈവത്തിനു സ്തുതി!

തിന്മ ചെയ്യുവാനുള്ള വഞ്ചനാത്മകമായ സ്വഭാവം മനുഷ്യഹൃദയത്തിൽ ഉണ്ട്. അതിനു ഒരു ഒഴികഴിവു മാത്രമെ നമുക്കു കണ്ടെത്താനാകൂ. യേശുവിനെ ക്രൂശീകരിക്കുന്നതിനും, സ്തെഫാനൊസിനെ കല്ലെറിയുന്നതിനും യഹൂദന്മാർ ഒരു ഒഴികഴിവു കണ്ടെത്തിയതുപോലെ, കത്തോലിക്ക കോടതിയിൽ വിചാരണ നടത്തുന്നവർ അവരുടെ പീഡിപ്പിക്കലിനും ഒഴികഴിവു കണ്ടെത്തി. തർസൊസുകാരനായ ശൗലിനെപ്പോലെ ദൈവവേലയാണ് തങ്ങൾ ചെയ്യുന്നതെന്നവർ കരുതി. കാര്യങ്ങൾ വളരെയധികം മാറിയെങ്കിലും, വിവിധ രീതിയിൽ - ഇന്നും പീഡകൾ ഉണ്ടാകുന്നു. സമുദായ ഭ്രഷ്ട്, ദോഷാരോപണം, ബഹിഷ്ക്കരണം തുടങ്ങിയവ. ഇതിനെക്കുറിച്ച് ബൈബിൾ ഇങ്ങനെ പറയുന്നു "നിങ്ങളെ പുറത്താക്കിക്കളയുന്ന നിങ്ങളുടെ സഹോദരന്മാർ: ഞങ്ങൾ നിങ്ങളുടെ സന്തോഷം കണ്ടു രസിക്കേണ്ടതിനു യഹോവ തന്നെത്താൻ മഹത്വീകരിക്കട്ടെ എന്നു പറയുന്നുവല്ലോ; എന്നാൽ അവർ ലജ്ജിച്ചു പോകും" (യെശ. 66:5).

ആൾക്കൂട്ടത്തിന്റെ മനോഭാവം, നിയമത്തെ മാനിക്കാതെ ശിക്ഷ നടപ്പിലാക്കുവാനുള്ള അതിന്റെ ആത്മാവ് "വിശുദ്ധമായ മതദ്രോഹ വിചാരണ"യുടെ ഒരു ചെറിയ നിയമപരമായ രൂപമാണ്. ചിക്കാഗോ മെതടിസ്റ്റ് എപ്പിസ്കോപ്പൽ ഉപദേഷ്ടാവ് പ്രൊഫ. ഫാർസണിനു നേരെ കോപിച്ചുകൊണ്ട് പറഞ്ഞത് ഇന്ത്യാനോപൊലിസ് ന്യൂസ്, ന്യൂയോർക്ക് ട്രിബ്യൂണൽ എന്നീ പത്രങ്ങൾ ഉദ്ധരിച്ചു: "എനിക്ക് അധികാരമുണ്ടായിരുന്നെങ്കിൽ ഞാൻ ഈ മനുഷ്യന്റെ തോൽ ഉരിഞ്ഞ്, അതിൽ ഉപ്പു പുരട്ടി, ധാന്യപ്പുരയുടെ വാതിലിന്മേൽ ആണിയടിച്ച് തൂക്കുമായിരുന്നു". പത്രത്തിന്റെ മതസ്വാധീനമില്ലാത്ത എഡിറ്റർ ഇങ്ങനെ പറയുന്നു, "സമാധാനത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നവരിൽ ഒരാൾ ഇത്തരം ആക്രമണോത്സുകമായ വാദം നടത്തിയെങ്കിൽ ബെലിയാലിന്റെ മക്കളിൽ നിന്ന് നാം എന്ത് പ്രതീക്ഷിക്കണം?"

ആൾക്കൂട്ട മനോഭാവവും, മതദ്രോഹ വിചാരണ കോടതിയുടെ ആത്മാവും വളർന്നുകൊണ്ടിരിക്കുന്നു എന്നു തെളിവുകൾ പ്രചരിപ്പിക്കുന്നു. ആയതിനാൽ എല്ലാവരും ജാഗ്രതപാലിക്കണം.

## പാഠം 84

1* മതദ്രോഹ വിചാരണ കോടതി അശുദ്ധമാണെന്നു പറയാൻ താത്പര്യപ്പെടുന്നവർ ആരൊക്കെ? ഖണ്ഡിക 1

2* ആ കാലത്തെ കുറിച്ച് നാം എന്ത് ഓർമ്മിക്കണം?

3 നീതിയുടെയും സ്നേഹത്തിന്റെയും സൂക്ഷ്മമായ ആശയത്തിലേക്കു നയിച്ചതെന്ത്?

4* നമ്മുടെ ശത്രുക്കളോടു നാം എങ്ങനെ പെരുമാറണമെന്നു യേശു പറഞ്ഞിട്ടുണ്ടോ? മത്താ. 5:44

5* നിയമം നൽകപ്പെട്ട യിസ്രായേൽ സീനായ് മലയിൽ വച്ച് എന്ത് പ്രകടിപ്പിച്ചു? ഖണ്ഡിക 2

6* മതദ്രോഹ വിചാരണ കോടതിയാലുള്ള പീഡനത്തിൽ ദൈവവചനത്തിന്റെ ഭാഗങ്ങളെ നോക്കിക്കണ്ടിരുന്നുവോ?

7* അവിടെ സ്നേഹമോ, സഹതാപമോ, നീതിയോ ഉണ്ടായിരുന്നുവോ?

8* ദൈവത്തിനു ഇന്നു നാം എന്തുകൊണ്ടു നന്ദി പറയണം?

9 മനുഷ്യഹൃദയത്തിൽ ഏത് തരത്തിലുള്ള സ്വഭാവമാണുള്ളത്? ഖണ്ഡിക 3

10* ക്രൂശീകരിക്കുന്നതിനും കല്ലെറിയുന്നതിനും ഒഴികഴിവായി യഹൂദൻ ആരെയാണ് കണ്ടെത്തിയത്?

11* മറ്റുള്ളവരെ പീഡിപ്പിക്കുന്നതിൽ മതദ്രോഹ വിചാരണ കോടതിയുടെ വിചാരണ നടത്തുന്നവർ ഒഴികഴിവു കണ്ടെത്തിയോ?

12* അവർ ദൈവവേലയാണ് ചെയ്യുന്നതെന്ന് ആരെപ്പോലെയാണ് ചിന്തിച്ചിരുന്നത്?

13* നാം ഇന്നു പീഡനം അനുഭവിക്കുന്നുവോ? എങ്കിൽ ഏതു രീതിയിൽ?

14* ഇതിനെപ്പറ്റി ബൈബിൾ എന്തു പറയുന്നു? യെശ. 66:5

15* "വിശുദ്ധമായ മതദ്രോഹ വിചാരണ കോടതിയിലും" കുറഞ്ഞ നിയമപരമായ രൂപം ഏതാണ്? ഖണ്ഡിക 4

16. ആൾക്കൂട്ടത്തിന്റെ മനോഭാവവും, കത്തോലിക്ക കോടതിയുടെ ആത്മാവും വളരുന്നുണ്ടോ? ഖണ്ഡിക 5

**നക്ഷത്ര ചിഹ്നത്താൽ അടയാളപ്പെടുത്തിയിരിക്കുന്ന ചോദ്യങ്ങൾ പ്രത്യേകമായി കുട്ടികൾക്കുള്ളവയാണ്.*

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

# നമുക്ക് മുമ്പിലുള്ള വർഷം

പുതുവർഷത്തിൻ വാതില്ക്കൽ നില്ക്കവേ,
ആശ്വാസവാക്കുകൾ നാം കണ്ടുമുട്ടുന്നു, ആശങ്കകളേതും നിശബ്ദമാക്കിക്കൊണ്ട്;
നിശബ്ദതയിൽ നമ്മുടെ പിതാവിൻ ശബ്ദം,
മൃദുവായ്, ശക്തിയാലും വിശ്വാസത്താലും, നമ്മെ സന്തോഷിപ്പിക്കുന്നു.
മുൻപോട്ട്, ഭയന്നിടാതെ, ഇന്നിന്റെ മക്കളെ;
അവിടുത്തെ വചനം ഒഴിഞ്ഞുപോവില്ല, ഒരിക്കലും.

"നീ ഭയപ്പെടേണ്ട; ഞാൻ നിന്നോട് കൂടെ ഉണ്ട്;
ഭ്രമിച്ചുനോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു;
ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും;
എന്റെ നീതിയുള്ള വലംകൈകൊണ്ടു ഞാൻ നിന്നെ താങ്ങും".
മുൻപോട്ട്, ഭയന്നിടാതെ, ഇന്നിന്റെ മക്കളെ;
അവിടുത്തെ വചനം ഒഴിഞ്ഞുപോവില്ല, ഒരിക്കലും.

നമുക്ക് മുന്നിലുള്ള വർഷത്തേക്ക്, ഓ, എത്ര വിലയേറിയ ശേഖരം!
ദരിദ്രനും ആവശ്യക്കാരനും, ജീവ ഉറവകൾ പൊട്ടിപ്പുറപ്പെടും;
ദുഃഖിതനും വിലപിക്കുന്നവനും, തൻ കൃപ പെരുകിടും;
ക്ഷീണിതനും ദുർബ്ബലനും, പൂർണ്ണ ശക്തി കണ്ടെത്തും.
മുൻപോട്ട്, ഭയന്നിടാതെ ഇന്നിന്റെ മക്കളെ;
അവിടുത്തെ വചനം ഒഴിഞ്ഞുപോവില്ല, ഒരിക്കലും.

പരാജിതനായി നമ്മെ കൈവിടില്ലതാൻ, ഉപേക്ഷിക്കയുമില്ല;
തന്നുടെ ശാശ്വത ഉടമ്പടി താൻ തകർക്കയില്ല;
തൻ വാഗ്ദത്തങ്ങളിൽ ആശ്രയിച്ചാൽ, നാമെന്തിനെ ഭയക്കണം?
വരുന്ന വർഷം ദൈവം എല്ലാറ്റിനും മതിയായവൻ
മുൻപോട്ട്, ഭയന്നിടാതെ, ഇന്നിന്റെ മക്കളെ;
അവിടുത്തെ വചനം ഒഴിഞ്ഞുപോവില്ല, ഒരിക്കലും.

ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല,
**സ്നേഹ**ത്തിന്റെയും **ശക്തി**യുടെയും,
**സുബോധത്തിന്റെയും**
ആത്മാവിനെയത്രേ **ദൈവം**
നമുക്കു തന്നത്.
2 തിമോ. 1:7

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**